മലങ്കരസഭ

പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്നത്.

പുസ്തകം 4 | 1949 ഡിസംബർ * വൃശ്ചികം 1125 | ലക്കം 2

അമ്പതിൽപരം വർഷങ്ങൾക്കു മുമ്പുള്ള ഒരു ഫോട്ടോയുടെ ബ്ളോക്ക്.

ഇരിക്കുന്നവർ—മുറിമറ്റത്തു് മാർ ഈവാനിയോസ് (പിന്നീടു് മലങ്കരയിലെ ഒന്നാം പൗരസ്ത്യ കാതോലിക്കാ), കടവിൽ മാർ അത്താനാസ്യോസ്, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്, ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ്.

നില്ക്കുന്നവർ—മലങ്കര മല്പാൻ വട്ടശേരിൽ ഗീവറുഗീസു കത്തനാർ (പിന്നീടു മാർ ദീവന്നാസ്യോസു് ആറാമൻ), കല്ലാശേരിൽ പുന്നൂസു റമ്പാച്ചൻ (ഇപ്പോഴത്തെ കാതോലിക്കാബാവാ) കൊച്ചുപറമ്പിൽ പൗലൂസു റമ്പച്ചൻ (പിന്നീടു മാർ കൂറിലോസു്), കാരുചിറെ ഗീവറുഗീസു റമ്പാച്ചൻ (പിന്നീടു മലങ്കരയിലെ ദ്വിതീയ കാതോലിക്കാ), മലങ്കര മല്പാൻ കോനാട്ടു കോര മാത്തൻ കത്തനാർ.

(29-ാംപേജിന്റെ ബാക്കി)

വിളി യഥാർത്ഥമായ ക്രൈസ്തവജീവിതംകൊണ്ടു കമ്മ്യൂണിസത്തെ തോല്പിക്കണമെന്നും പ്രസ്താവിക്കയുണ്ടായി. മററു പലരും സമ്മേളനത്തിൽ പ്രസംഗിച്ചു. ഒരു വലിയ ജനതതി ഈ മഹാസമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. കുരിശുതകർത്തതിനുള്ള പ്രതിഷേധം-റൈററ് റവ. ബിഷപ്പ് കാളാശ്ശേരിയുടെ നിര്യാണത്തിലുള്ള അനുശോചനം എന്നിങ്ങനെ രണ്ടു പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു.

കുന്നംകുളം വർത്തകൾ.

19-4-125.

മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ഓർമ്മപ്പെരുനാൾ കുന്നംകുളം പുത്തൻപള്ളിയിൽ വളരെ ഗംഭീരമായ രീതിയിൽ കൊണ്ടാടപ്പെട്ടു. പെരുനാൾദിനത്തിന്റെ തലേരാത്രിയിൽ സന്ധ്യാനമസ്കാരം, റാസ എന്നിവയ്ക്കുശേഷം വൈദ്യുതദീപങ്ങളോടുകൂടിയ ഘോഷയാത്രയും വെടിക്കെട്ടും ഉണ്ടായിരുന്നു. പെരുനാൾദിവസം ഉച്ചതിരിഞ്ഞു റാസയ്ക്കുശേഷം പെരുനാളിൽ സംബന്ധിച്ച എല്ലാവർക്കും കേമമായ പായസസൽക്കാരം നൽകപ്പെട്ടു.

12-4-125

ഗ്രീസിലെ പീററർരാജകുമാരൻ തെക്കേ കുരിശുപള്ളി സന്ദർശിക്കയും അതിന്റെ ഫോട്ടോ എടുത്തു കൊണ്ടുപോകയും ചെയ്തിരിക്കുന്നു. ഈ പള്ളി കൊച്ചി മഹാരാജാവായിരുന്ന ശക്തൻതമ്പുരാൻ ക്രിസ്ത്യാനികൾക്കു പള്ളിയായി ഉപയോഗിക്കുന്നതിനു നൽകിയ "അന്തിമാളൻകാവ്" എന്ന ക്ഷേത്രമായിരുന്നു എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

ചിച്ചസ്റ്റർ ബിഷപ്പിന്റെ സിമ്മനാരിസന്ദർശനം

ചിച്ചസ്റ്റർ മഹായിടവകയുടെ ബിഷപ്പും അഖിലലോകക്രിസ്ത്യൻ കൗൺസിൽ സെൻട്രൽ കമ്മററി പ്രസിഡണ്ടുമായ റൈററ് റവ ബിഷപ്പ് ബെൽ തിരുമനസ്സുകൊണ്ടും മിസ്സസ് ബെല്ലും ഈ മാസം 12-ാംനു വൈകുന്നേരം 7-30-നു സിമ്മനാരിയിലെത്തി. ബിഷപ്പിന്റെ ബഹുമാനാർത്ഥം വി. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു നടത്തിയ ഡിന്നർപാർട്ടിയിൽ ബഹുമാന്യാതിഥികളെ കൂടാതെ ബിഷപ്പ് സി.കെ.ജേക്കബ്, മിസ്സ് ബ്രൂക്ക് സ്മിത്ത്, റവ. ലെസ്ലി ബ്രൗൺ എന്നിവരും നമ്മുടെ വന്ദ്യതിരുമേനിമാരും സംബന്ധിക്കയുണ്ടായി.

13-ാംനു തിങ്കളാഴ്ച 6-15-നു ബിഷപ്പ് ബെല്ലും ബിഷപ്പ് ജേക്കബും സിമ്മനാരി ചാപ്പലിൽ എത്തി വി.കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് അർപ്പിച്ച വി.കുർബാന കാണുകയുണ്ടായി. കുർബാനാനന്തരം ബിഷപ്പ് ബെല്ലിനു ബാവാതിരുമനസ്സുകൊണ്ട് ആശീർവാദപൂർവ്വം യാത്രാമംഗളമാശംസിക്കയും ചെയ്തു.

കോട്ടയം ഭദ്രാസന മിഷ്യൻ സെക്രട്ടറി റവ. ജോർജ്ജ് വായിക്കോട്ട് അറിയിക്കുന്നത്.

കഴിഞ്ഞ ഭദ്രാസന പൊതുയോഗനിശ്ചയമനുസരിച്ചു 124-ൽ 34-ാംനമ്പർ കല്പനപ്രകാരം പ്രവർത്തനം നടത്തിവരുന്ന കോട്ടയം ഭദ്രാസനമിഷ്യന്റെ പ്രവർത്തനപദ്ധതി (കൗൺസിൽ അംഗീകരിച്ചതു്) താഴെ ചേർക്കുന്നു

1) ഇടവകയുടെ ഒരു വിശദമായ സ്ഥിതിവിവരക്കണക്കു തയ്യാറാക്കി ആത്മികമായും സാമ്പത്തികമായും സഹായം അർഹിക്കുന്നവർക്കു വേണ്ടതുചെയ്യുക. (2) ഇടവകപരിധിയിലുള്ള അക്രൈസ്തവർക്കു സുവിശേഷവെളിച്ചം കാണിച്ചുകൊടുക്കുക. (3) വേദപുസ്തകം, പ്രാർത്ഥനപുസ്തകം, ലഘുലേഖകൾ മുതലായവ വിതരണം ചെയ്യുക. (4) സൺഡേസ്കൂൾ, യുവജനസമാജം, സ്ത്രീസമാജം, പ്രാർത്ഥനായോഗം മുതലായവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും, കോൺഫ്രൻസുകളും, വേദാദ്ധ്യയനക്ലാസ്സുകളും ഏർപ്പെടുത്തുകയും ചെയ്ക. (5) വിദേശമിഷ്യൻ വയലുകളിലേക്കു വേലക്കാരെ ഒരുക്കുക. (6) ഈ പ്രവർത്തനങ്ങൾക്കെല്ലാം ഒരു കർമ്മസമിതി എന്നവണ്ണം ഇടവകയിൽ താല്പര്യവും സന്നദ്ധതയുമുള്ള യുവജനങ്ങളെ ഉൾപ്പെടുത്തി ഓരോ പ്രാർത്ഥനാഗ്രൂപ്പുകൾ രൂപീകരിക്കുക.

N.B. ഇടവകയെ സൗകര്യാനുസരണം വാർഡുകളായി തിരിച്ചു സെൻസസ് എടുക്കാവുന്നതും, അങ്ങനെ ഓരോ ഭവനവും സന്ദർശിക്കേണ്ടതും, ഇടവകയിൽ സഹായം ആവശ്യമുള്ളവരെ ഇടവകയുടെ ആഭിമുഖ്യത്തിൽ സംരക്ഷിക്കേണ്ടതും ആകുന്നു.

വേദപുസ്തകം, ലഘുലേഖകൾ മുതലായവ സെക്രട്ടറിയിൽനിന്നും ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കു താഴെക്കാണുന്ന വിലാസത്തിൽ എഴുതുക.

സെക്രട്ടറി, കോട്ടയം ഭദ്രാസനമിഷ്യൻ,
സിറിയൻ തിയോളജിക്കൽ
സിമ്മനാരി-കോട്ടയം.

മലങ്കരസഭ

പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്നതു്.

പുസ്തകം 4 | 1949 ഡിസംബർ * വൃശ്ചികം 1125 | ലക്കം 2

പത്രാധിപക്കുറിപ്പുകൾ

മലങ്കരസഭാ സമാധാനദിനം.

അടുത്ത ധനു 17-ാംതീയതി ഞായറാഴ്ച മലങ്കരസഭാ സമാധാനദിനമായി സമുദായമൊട്ടുക്കു് ആചരിക്കപ്പെടണമെന്നു സമാധാനസംഘടന അഭിലഷിക്കുന്നു. സമുദായത്തിന്റെ പൊതുചിന്ത സമുദായൈക്യം എന്നു നടക്കും എന്ന അന്വേഷണത്തിൽനിന്നു വട്ടമേശസമ്മേളനം എന്നു കൂടും എന്ന തീരുമാനത്തിലേക്കു്—അഥവാ സമരത്തിൽനിന്നു സമാധാനത്തിലേക്കു്—തിരിഞ്ഞിരിക്കയാൽ പ്രസ്തുത ദിനം ഉത്സാഹപൂർവ്വം ആചരിക്കപ്പെടുമെന്നു പ്രതീക്ഷിക്കാം. എങ്ങനെയാണു് ആ ദിനം ആചരിക്കേണ്ടതു് എന്നതിനെപ്പററിയുള്ള നിർദ്ദേശങ്ങൾ യഥാവസരം സംഘടന പുറപ്പെടുവിക്കാതിരിക്കയില്ല. ഗ്രൂപ്പുകൾ ഒററതിരിഞ്ഞു യോഗങ്ങൾ നടത്താതെ പല ഗ്രൂപ്പുകൾ ഓരോ കേന്ദ്രസ്ഥാനത്തു ജാഥാമട്ടിൽ എത്തിക്കൂടി സമ്മേളിക്കുന്നതു യുവജനങ്ങളിൽ തീക്ഷ്ണത ഉദ്ദീപിക്കുക എന്ന ഉദ്ദേശസാധ്യത്തിനു ഉത്തേജകമായിരിക്കും. സമാധാനദിനത്തിനു മുമ്പു വട്ടമേശസമ്മേളനം നടക്കുമെങ്കിൽ—നടന്നു വിജയിക്കുമെങ്കിൽ—സമാധാനദിനം ഒരാഗ്രഹത്തിന്റെ സൂചനമാത്രമാകാതെ ഒരു ഐശ്വര്യോന്മുഖസംഭവത്തിന്റെ കൃതജ്ഞതാനന്ദപ്രഘോഷമാകുമായിരുന്നു. അതു സാധിക്കുമെങ്കിൽ എത്ര നന്നു്! ഇസ്രായേൽജനത്തിന്റെ മഹിമയായിരുന്ന യരൂശലേമിന്റെ മതിൽ ഇടിഞ്ഞും വാതിൽ കരിഞ്ഞും കിടന്നതു യറമിയാ കണ്ടാറെ അദ്ദേഹം കരഞ്ഞു ഹൃദയത്തെ വെള്ളംപോലെ കർത്തൃസന്നിധിയിൽ പകന്നു. അയ്യോ; പൊന്നു മങ്ങിപ്പോയല്ലോ: കടന്നുപോകുന്ന ഏവരുമേ, ഈ കാഴ്ച നിങ്ങൾക്കു് ഏതുമില്ലയോ എന്നു് അദ്ദേഹം പ്രലാപപൂർവ്വം നിലവിളിച്ചു. ഞങ്ങൾക്കു പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുത്തണമെ എന്നു് അദ്ദേഹം പ്രാർത്ഥിച്ചു. നമ്മുടെ സഭയുടെ ആധുനികപരിതാപാവസ്ഥയിൽ അതിന്റെ അംഗങ്ങളായ ആബാലവൃദ്ധം സർവ്വന്മാർക്കും, വിശിഷ്യാ വന്ദ്യ തിരുമേനിമാർക്കും, അതുപോലെയുള്ള മനോനൊമ്പരം ഉണ്ടാകണം. മേൽ പ്രസ്താവിച്ച കാഴ്ച നെഹമിയാ കണ്ടപ്പോൾ അദ്ദേഹത്തിന്റെ മുഖം വാടി. അദ്ദേഹം ദുഃഖിച്ചും ഉപവസിച്ചുംകൊണ്ടു സ്വർഗ്ഗത്തിലെ ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവത്തിന്റെ ദയയുള്ള കൈ അദ്ദേഹത്തിനു് അനുകൂലമായി. അദ്ദേഹം ജനത്തെ വിളിച്ചു. യരുശലേം ശൂന്യമായും അതിന്റെ വാതിൽ തീകൊണ്ടു വെന്തും കിടക്കുന്നതായി നാം അകപ്പെട്ടിരിക്കുന്ന ഈ അനർത്ഥം നിങ്ങൾ കാണുന്നില്ലയോ? നാം ഇനി നിന്ദാപാത്രമാകാതിരിപ്പാൻ തക്കവണ്ണം നമുക്കു യരുശലേം പണിയണം എന്നു് അദ്ദേഹം വിളിച്ചുപറഞ്ഞു. ജനം തമ്മിൽ തമ്മിൽ നമുക്കു് എഴുന്നേററു പണിയാം എന്നു പറഞ്ഞു് അന്യോന്യം ധൈര്യപ്പെടുത്തി. അങ്ങനെ യരുശലേം വീണ്ടും പണിയപ്പെട്ടു. യറമിയായും നെഹമിയായും അക്കാലത്തു ചെയ്തതുപോലെ ഇതാ സഭാസമാധാനസംഘടന

സഭാപിതാക്കന്മാരോടും സഭാമക്കളോടും നാം ഇനിയെങ്കിലും നിന്ദാപാത്രമാകാതിരിപ്പാൻതക്കവണ്ണം യരുശലേമാകുന്ന സഭയെ പണിയാം എന്നു വിളിച്ചുപറയുന്നു. ആർ കേൾക്കും? ആൎക്കു കേൾക്കാതിരിക്കുവാൻ കഴിയും? സംഘടനയുടെ പരിശ്രമം പരാജയപ്പെടാനോ വട്ടമേശസമ്മേളനം വിഫലമാകുവാനോ പാടില്ല. ബാല്യകാലത്തു സഹപാഠികളും സ്നേഹിതരുമായിരുന്നു് ഇപ്പോൾ വന്ദ്യ വയോധികന്മാരായിരിക്കുന്ന വി: കാതോലിക്കാബാവാ തിരുമേനിയും മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ തിരുമേനിയും വാദിപ്രതികളായി കബറുകളിലേക്കു ഇറങ്ങുന്നതിനിടയായാൽ ആയതു ക്രൈസ്തവസഭയ്ക്കു പൊതുവെയും മലങ്കരസഭയ്ക്കു പ്രത്യേകിച്ചും ക്രിസ്തുനാമത്തിനുതന്നെയും എന്നാളും അപമാനകരമായിരിക്കും. അതരുതേ. വട്ടമേശസമ്മേളനം വിജയിക്കണം: വിജയിക്കട്ടെ. സഭാസമാധാനസംഘടന വിജയിക്കണം: വിജയിക്കട്ടെ. 1125 ധനു 17-ാംതീയതി ഞായറാഴ്ച സാക്ഷാൽ സമാധാനദിനമായിത്തന്നെ കൈവരുവാൻ സംഗതിയാകട്ടെ. മലങ്കരസഭ വിജയിക്കട്ടെ.

വാകത്താനം

കാതോലിക്കാ ബാവാ.

മലങ്കരയിലെ രണ്ടാമത്തെ പൗരസ്ത്യ കാതോലിക്കാ ആയിരുന്ന മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് (പ്രഥമൻ) ബാവാ കാലംചെയ്തിട്ടു് അടുത്ത ധനു 2-ാംതീയതി ശനിയാഴ്ച 21 വർഷം പൂർത്തിയാകുന്നു. പ്രശാന്തനും പരമഭക്തനും ആയിരുന്ന ആ വിശുദ്ധപിതാവിനെ "മലങ്കരസഭ" ഭക്ത്യാദരപൂർവ്വം സ്മരിക്കുന്നു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത മലങ്കരസഭയ്ക്കു കോട്ടയും കാവലും ആയിരിക്കട്ടെ.

"യാക്കോബായസഭയിലെ സമാധാനപരിശ്രമങ്ങൾ."

മാർത്തോമ്മാസഭയിൽനിന്നു റീത്തുസഭയിൽ ചേന്ന ഫാദർ തോമ്മസ് ഇഞ്ചക്കലോടി സത്യദീപത്തിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനങ്ങൾ കൂട്ടിച്ചേർത്തു പുസ്തകരൂപത്തിലാക്കിയതിന്റെ പേരാണു മേല്പറഞ്ഞതു്. ഇദ്ദേഹം ഉന്നയിപ്പിച്ച വാദമുഖങ്ങൾക്കു മലങ്കരസഭയുടെ പംക്തികളിൽ ഇതിനു മുമ്പു മറുപടി പറഞ്ഞിട്ടുള്ളതാണു്. പഴയ ലേഖനങ്ങളെ പുസ്തകമാക്കിയതിന്റെ ശേഷം കോട്ടയത്തുവച്ചു ഗ്രീസിലെ പീററർ രാജകുമാരന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തെപ്പററിയും അദ്ദേഹം സത്യദീപത്തിൽ വിമർശിക്കാൻ തുടങ്ങിയിട്ടുണ്ടു്. ലോകത്തിൽ ക്രിസ്ത്യേതരരായ ആളുകൾപോലും സമാധാനത്തിലും സന്തുഷ്ടിയിലും കഴിയുകയും അവരുടെ പുരോഗമനത്തിനു വേണ്ടുന്ന കാൎയ്യങ്ങൾ ആരായുകയും ചെയ്യുന്നുണ്ടു്. എന്നാൽ ഇതുകണ്ടു വാററിക്കൻ റേഡിയോ മുതലക്കണ്ണുനീർ വീഴ്ത്തിക്കാണുന്നില്ല. എന്നാൽ യാക്കോബായസഭയിൽ എവിടെയെങ്കിലും സമാധാനധ്വനി കേൾക്കുന്നതു ഫാദർ ഇഞ്ചക്കലോടിക്കു് അരോചകമായിട്ടാണു തീന്നിരിക്കുന്നതു്. സമാധാനം എന്നുള്ള വാക്കു പറയുമ്പോൾതന്നെ അദ്ദേഹം മൂരിയുടെ മുമ്പിൽ ചുവപ്പുകൊടി പിടിക്കുമ്പോഴത്തെപ്പോലെ ഇളകി വശാകുന്നു എന്താണിതിന്റെ കാരണമെന്നു മനസ്സിലാകുന്നില്ല. യാക്കോബായക്കാരുടെ ആത്മരക്ഷയിൽ അതീവ താല്പൎയ്യം പ്രദർശിപ്പിക്കുന്ന ഇദ്ദേഹം തന്റെ മാതൃസഭയായ മാർത്തോമ്മാസഭയുടെ രക്ഷയ്ക്കുവേണ്ടി ഒരൊററ ലേഖനംപോലും എഴുതാത്തതെന്താണെന്നു മനസ്സിലാകുന്നില്ല

അദ്ദേഹം ഇനിയുമെങ്കിലും ചില സംഗതികൾ ഗ്രഹിച്ചാൽ നന്നായിരിക്കും. അദ്ദേഹത്തിന്റെ അത്രയും വേദശാസ്ത്രപരിജ്ഞാനമോ, ബുദ്ധിശക്തിയോ, ആത്മീയരഹസ്യങ്ങളെ അറിയുന്നതിനുള്ള വൈദഗ്ദ്ധ്യമോ ഇന്നത്തെ യാക്കോബായശീശ്മക്കാക്കില്ലെങ്കിലും പരാശ്രയംകൂടാതെ അവരുടെ ആത്മീകവും ലൗകികവുമായ കാൎയ്യങ്ങൾ അന്വേഷിച്ചുകൊണ്ടു വരുന്നവരാണു്. അതുകൊണ്ടു സുലഭമായ അഭിപ്രായങ്ങൾകൊണ്ടു് അവരെ അലട്ടേണ്ട ആവശ്യമില്ല. മററുള്ളവരുടെ കുഴപ്പങ്ങൾക്കു പ്രതിവിധികൾ നിർദ്ദേശിക്കാതെ സ്വന്തകാൎയ്യങ്ങൾ അന്വേഷിക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കും.

ഫാദർ ഇഞ്ചക്കലോടിയുടെ അഭിപ്രായം ആരെല്ലാം ശ്രമിച്ചാലും യാക്കോബായസഭയിൽ ഒരിക്കലും സമാധാനമുണ്ടാകയില്ലായെന്നാണു്. അതിനുള്ള കാരണം അദ്ദേഹം പറയുന്നതു്, ചുവടു തെററിപ്പോയി അല്ലെങ്കിൽ റോമ്മാസഭയുടെ ബന്ധത്തിൽനിന്നു വേർപെട്ടുപോയി എന്നുള്ളതാണു്. യാക്കോബായസഭയെക്കാൾ റോമ്മാബന്ധത്തിൽനിന്നു വേർപെട്ടുനില്ക്കുന്ന മാർത്തോമ്മാസഭയും ആംഗ്ലേയസഭയും പ്രോട്ടസ്റ്റൻറു സഭകളും സമാധാനമായും സുഗമമായും പുരോഗമിക്കുന്നതിൻെറ കാരണം പ്രതിഭാശാലിയായ ഫാദർ ഇഞ്ചക്കലോടി പറഞ്ഞുതന്നാൽ കൊള്ളാം. എന്നാൽ യാക്കോബായസമാധാനവഞ്ചിയെ മുക്കുന്നതിൽ ഏററവും ഉത്സുകരായി കാണപ്പെടുന്നതു കരയ്ക്കുനില്ക്കുന്ന റീത്തുപ്രസ്ഥാനക്കാരാണെന്നുള്ള വിശ്വാസം പലരിലും വർദ്ധമാനമായിവരുകയാണു്. ഈദൃശലേഖനങ്ങൾ ആ ധാരണയ്ക്കു ഉത്തമലക്ഷ്യങ്ങളുമാണു്. റോമ്മാസഭയ്ക്കും റീത്തുപ്രസ്ഥാനത്തിനും വലുതായ പുരോഗമനമാണുണ്ടായിട്ടുള്ളതെന്നു തെളിയിക്കാൻ കുറെ കണക്കുകളും റീത്തിൽചേർന്ന ബിരുദധാരികളുടെ ഒരു ലിസ്റ്റും അദ്ദേഹം പുസ്തകത്തിൽ ചേർത്തിട്ടുണ്ടു്. ആളുകളുടെ വർദ്ധനവുകൊണ്ടു യാക്കോബായസഭയിൽനിന്നാളുപിടിക്കേണ്ട ആവശ്യം റീത്തുസഭക്കില്ലെന്നും ബിരുദധാരികൾ ധാരാളം ചേർന്നിട്ടുള്ളതുകൊണ്ടു സഭയിലുള്ള വിശ്വാസംകൊണ്ടു മാത്രമാണു് ആളുകൾ റീത്തിൽ ചേരുന്നതെന്നുമാണദ്ദേഹം സ്ഥാപിക്കുന്നതു്. എന്നാൽ ഈ വാദമുഖം പലൎക്കും ബോദ്ധ്യമുള്ള ഒന്നല്ല. "കാര്യസാദ്ധ്യത്തിനു് എന്തു മാർഗ്ഗവും ഉപയോഗിക്കാം" എന്നുപദേശിക്കുന്ന റോമ്മാസഭയ്ക്കു സഭയിൽ ആളുകൂടണമെന്നല്ലാതെ, മനസ്സുതിരിവുണ്ടാകണമെന്നുള്ള വിചാരം ഇവിടെയും എവിടെയുമില്ലെന്നു പരക്കെ ബോദ്ധ്യമുള്ള സംഗതിയാണു്. അല്ലെങ്കിൽ ഏതു യാക്കോബായപള്ളി ഇടവകയിൽ വഴക്കുണ്ടാകുന്നുവോ അവിടെ ഓടിയെത്തുകയും ആ പള്ളിക്കടുത്തു് എതിർപള്ളി ഉണ്ടാക്കുകയും ചെയ്യേണ്ട ആവശ്യമില്ലല്ലോ. പറങ്കികളുടെ കാലം മുതൽ റോമ്മാസഭ അനുഷ്ഠിക്കുന്ന ഒരു തന്ത്രമാണിതു്. കാര്യലാഭവും തൊഴിലില്ലായ്മയുമാണു റീത്തിലേക്കുള്ള ആകർഷണിയവശങ്ങൾ. ഒരു റീത്തുനേതാവു് ഒരു യാക്കോബായ പട്ടക്കാരനെ ഒരിക്കൽ പിടികൂടി റീത്തിൽ ചേരാൻ വേണ്ട പ്രേരണകൾ നടത്തിയിട്ടു ഫലിക്കാഞ്ഞപ്പോൾ അദ്ദേഹത്തിൻെറ കൈവെള്ളയിൽ "75" എന്നെഴുതിയതായി അദ്ദേഹംതന്നെ പറഞ്ഞുകേട്ടിട്ടുണ്ടു്. ചേർന്ന പലരും ഇച്ഛിച്ച ആദായം കിട്ടാതെ വരുമ്പോൾ തിരികെ പോരുന്നതിനു വേണ്ട ആലോചനകൾ ഈയവസരത്തു ചെയ്യുന്നതും റീത്തുപ്രമാണികൾ അറിയുന്നില്ലായിരിക്കാം. ബിരുദധാരികൾ ഉത്തമ മനഃസാക്ഷിയോടുകൂടെ പോകുന്നുവെന്നുള്ളതാണുതീരെ വിശ്വസിക്കാൻ പാടില്ലാത്തതു്. സാധാരണ ജനങ്ങളുടെ മനഃസാക്ഷിയിലാണു ഞങ്ങൾക്കു കൂടുതൽ വിശ്വാസമുള്ളതു്. ബിരുദധാരികളാണു് ഉദ്യോഗങ്ങൾക്കു റീത്തിൽ കെട്ടിക്കയറുന്നതു്. സ്ഥാപനങ്ങൾ ഉള്ളിടത്തുതന്നെ വർദ്ധിപ്പിക്കുന്നതിനു ചെയ്യുന്ന യത്നത്തിൻെറ കാരണവുമിതാണു്. ഇത്രയും നഗ്നമായ ഒരു ക്രൈസ്തവപ്രസ്ഥാനം ലോകത്തിൽ ഒരിടത്തും ഒരു വർഗ്ഗക്കാരുടെ ഇടയിലും കാണുകയില്ലെന്നു സധൈര്യം പറയാവുന്നതാണു്.

യാക്കോബായസഭയിലെ സമാധാനശ്രമങ്ങളെപ്പററി അതിവതാല്പര്യവും ഉൽക്കണ്ഠയും പ്രദർശിപ്പിക്കുന്ന ആളുകളോടു പറയാനുള്ളതു അവരുടെ സദ്‌മനസ്സുകൊണ്ടധികം മററുള്ളവരെ അലട്ടരുതെന്നു മാത്രമാണു്. പുജാതികളുടെ മനസ്സുതിരിവിനെപ്പററി ആവേശംകൊള്ളാതെ ക്രിസ്ത്യാനികളെ പരിവർത്തനംചെയ്യുന്നതിനു പ്രാണത്യാഗം ചെയ്യുന്നതു സദുദ്ദേശപരമായി ആരും പരിഗണിക്കയില്ല, തോക്കിനകത്തു കയറി വെടിവെക്കുന്നതു ബുദ്ധിപൂർവ്വമല്ല.

അത്മായക്കാർക്കുള്ള ശ്രേഷ്ഠവിളി.

ലോകമൊട്ടുക്കും വിശേഷിച്ചു സുറിയാനിസഭയിലും സംഗതികൾ വേണ്ടതുപോലെ പുരോഗമിക്കുന്നില്ലെന്നുള്ള പരാതി അനുനിമിഷം കേട്ടുകൊണ്ടിരിക്കയാണു്. ഈ പരാതി അധികവും അത്മായക്കാരിൽനിന്നുമാണു കേൾ

ക്കാറുള്ളതു്. കുഴപ്പങ്ങൾക്കു കാരണം അധികവും പട്ടക്കാരിലും മേല്പട്ടക്കാരിലുമാണു് ആരോപിച്ചുകാണാറുള്ളതു്.

സഭയുടെയും രാജ്യത്തിന്റെയും സുഗമമായ പുരോഗമനത്തിനു വിലങ്ങടിച്ചുനിൽക്കുന്നതു പട്ടക്കാർതന്നെയോ? അത്മേനികൾക്കു് ഈ വക കാര്യങ്ങളിൽ യാതൊരുത്തരവാദിത്വവുമില്ലയോ? പുരോഗമനത്തിനു യഥാർത്ഥത്തിൽ വിഘാതമുണ്ടാക്കുന്നതാരാണു് എന്നു നാം ആരാഞ്ഞുനോക്കേണ്ടതാണു്.

ഈ അടുത്തകാലത്തു് ഇംഗ്ലണ്ടിലെ ഒരു മെത്രാസന ഇടവകപ്പൊതുയോഗത്തിൽ ഒരാൾ അത്മയക്കാരുടെ ധർമ്മം എന്ന വിഷയത്തെ അധികരിച്ചു് ഒരു പ്രസംഗം ചെയ്തു. അതിൽ അത്മായക്കാരന്റെ കർത്തവ്യകർമ്മം ഒന്നുമാത്രമെയുള്ളുവെന്നാണദ്ദേഹം സമർത്ഥിച്ചതു് ആയതു വിശുദ്ധിയിൽ വളരുകയെന്നുള്ളതത്രെ ഇതുണ്ടായിക്കഴിഞ്ഞാൽ മററുള്ളവയെല്ലാംതാനെ ഉണ്ടായിക്കൊള്ളും "സ്വർഗ്ഗരാജ്യത്തെയും അതിന്റെ നന്മയെയും അന്വേഷിക്ക, മററുള്ളവ ധാരാളമായി നിങ്ങൾക്കു നൽകപ്പെടും" എന്നു നമ്മുടെ കർത്താവു കല്പിച്ചിരിക്കുന്നു. അത്മായക്കാരന്റെ സുവിശേഷവേല, വിദ്യാഭ്യാസപ്രവർത്തനങ്ങൾ മുതലായവയെപ്പററി യാതൊന്നുംതന്നെ അദ്ദേഹം പറയുക ഉണ്ടായില്ലെന്നുള്ളതു പ്രത്യേകം ശ്രദ്ധേയമാണു്.

രാജ്യത്തിന്റെയും സഭയുടെയും ഭൂരിപക്ഷക്കാരായ അത്മായക്കാർ പ്രധാനമായി പ്രവർത്തിക്കാനുള്ളതു കൂടുതൽ കൂടുതൽ കാര്യങ്ങളിൽ ഏർപ്പെടുകയെന്നുള്ളതിനെക്കാൾ സാധാരണകൃത്യങ്ങൾ ഒരു സത്യക്രിസ്ത്യാനിക്കു യോജ്യമായ വിധത്തിൽ നിർവ്വഹിക്കുക എന്നുള്ളതാണു്. അവരുടെ കർത്തവ്യങ്ങൾ അങ്ങനെ നിർവ്വഹിക്കാത്തതുകൊണ്ടു പുരോഹിതവൃന്ദം അക്കാര്യങ്ങളിൽ ഏർപ്പെടേണ്ടതായി വരുന്നുണ്ടു്. സാധാരണ ലോകകാര്യങ്ങളുടെ ആത്മീയനില പരിപാലിക്കുന്നതിനു പുരോഹിതന്മാർ ഇടപെടേണ്ടിവരുന്നതു തീരെ പോരാത്തതാണു്. സാധാരണ നീതിയും ന്യായവും പുലർത്തുന്നതിനു അത്മായക്കാർക്കുതന്നെ ഉത്തരവാദിത്വമുള്ളതാണു്. എന്നാൽ ഇക്കാര്യങ്ങളിൽ അവർ കാണിക്കുന്ന അനാസ്ഥ ക്ഷന്തവ്യമല്ല. അവനവന്റെ പ്രവൃത്തിപഥത്തിൽ ഉത്തമക്രിസ്ത്യാനിയായി വർത്തിക്കേണ്ടതു് ഓരോരുത്തന്റെയും സാധാരണ ചുമതലയത്രെ.

രാഷ്ട്രീയപ്രവർത്തകർ അക്രമത്തിനും അന്യായത്തിനും ചൂഷണത്തിനും പങ്കാളികളായിരുന്നുകൂടാ. ദൈവനാമത്തിൽ രാഷ്ട്രീയരംഗത്തു പ്രവർത്തിക്കുന്നതിനു് ഒരു ക്രൈസ്തവരാഷ്ട്രീയപ്രവർത്തകൻ വൈമുഖ്യം പ്രദർശിപ്പിച്ചുകൂടാത്തതാകുന്നു. ഒരു ക്രിസ്തീയ ഡാക്ടർ വൈദ്യജ്ഞാനത്തെ അക്രമമായ ധനലാഭത്തിനും അസാന്മാർഗ്ഗിക ഇടപാടുകൾക്കും ഉപയോഗിച്ചുകൂടാത്തതാകുന്നു. ഡാക്ടറന്മാരുടെ അസാന്മാർഗ്ഗികനില ലോകപ്രസിദ്ധമാകുന്നു. സന്താനനിയന്ത്രണം കൃത്രിമ ഗർഭോല്പാദനം മുതലായി ഇന്നു നിലവിലിരിക്കുന്ന സംഗതികൾ ഇതിനുത്തമദൃഷ്ടാന്തങ്ങളല്ലെ? വക്കീലന്മാർ ന്യായത്തെ അവഗണിച്ചു ധനസമ്പാദനത്തിലേർപ്പെടരുതു്. വ്യവസായപ്രവർത്തകർ അമിതലാഭമെടുക്കുന്നതിലും തൊഴിലാളികളെ ചൂഷണംചെയ്യുന്നതിലും കരിഞ്ചന്തവ്യാപാരത്തിലും ഉൽസുകരാകരുതു്. ഒരു ക്രൈസ്തവഗവർമ്മെന്റുദ്യോഗസ്ഥൻ അവന്റെ ന്യായമായ ശമ്പളംകൊണ്ടു തൃപ്തിപ്പെടാതെ കോഴവാങ്ങുന്നവനാകരുതു്. അധർമ്മികളായ രാഷ്ട്രീയപ്രവർത്തകരെയും ഡോക്ടറന്മാരെയും വക്കീലന്മാരെയും വ്യവസായികളെയും ഉദ്യോഗസ്ഥന്മാരെയുംപററിയാണു നമ്മുടെ കർത്താവു പറയുന്നതു് നിങ്ങളുടെ നീതി പരീശന്റേതിൽനിന്നു വ്യത്യസ്ഥമല്ലായെന്നു്. യഥാർത്ഥമായ വിശുദ്ധി ഒരു ക്രിസ്ത്യാനി അവന്റെ സാധാരണ പ്രവൃത്തികളിലാണു കാണിക്കേണ്ടതു്.

ഒരു സാധാരണ അത്മായക്കാരൻ വിശുദ്ധനായി ജീവിച്ചാൽ സഭയും രാജ്യവും വിശുദ്ധീകരിക്കപ്പെടും. വിശുദ്ധന്മാരായ പട്ടക്കാരും മേല്പട്ടക്കാരും നമുക്കുണ്ടാകും. വ്യവഹാരങ്ങളും തർക്കങ്ങളും നമ്മുടെ സഭയിൽനിന്നു നിർമ്മാർജ്ജനം ചെയ്യപ്പെടും. നമ്മുടെ രാഷ്ട്രീയമണ്ഡലം തേജോമയമാക്കപ്പെടും. അസ്വസ്ഥത നമ്മിൽനിന്നു നീക്കപ്പെടും. ജാതികളും വർഗ്ഗങ്ങളും തമ്മിൽ രമ്യമായി കഴിഞ്ഞുകൂടും.

(ശേഷം 15-ാംപേജിൽ)

ആത്മനിക്ഷേപം

M.C.K.

13. തേഖേൽ.

തേഖേൽ = ദൈവം നിന്നെ തുലാസിൽ തൂക്കിനോക്കി; കഷ്ടം! നീ കുറവുള്ളവനായി കണ്ടെത്തപ്പെട്ടിരിക്കുന്നു. ദാനിയേൽ 5:27.

യറുശലേം! ഇസ്രായേൽജനതയുടെ തലസ്ഥാനനഗരം! മനോഹരമായ ദിവ്യപട്ടണം! സ്വർഗ്ഗത്തോട് ഉപമിക്കപ്പെട്ടിട്ടുള്ള പട്ടണം!

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനായിരുന്ന ദാവീദുരാജാവിന്റെ കാലത്തു യറുശലേം ഉയർച്ചപ്രാപിച്ചു. രാജകൊട്ടാരം അവിടെ പണിയപ്പെട്ടു. മഹാജ്ഞാനിയായിരുന്ന ശലോമോൻരാജാവിന്റെ കാലത്ത് ആ പട്ടണം പ്രതാപം പ്രാപിച്ചു സ്വർഗ്ഗീയനിർദ്ദേശപ്രകാരമുള്ള ദൈവാലയം അവിടെ സ്ഥാപിച്ചു സ്വർണ്ണോപകരണങ്ങളാൽ അലങ്കരിക്കപ്പെടുകയും അത്യുന്നതന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. ഇവിടെ കഴിക്കപ്പെടുന്ന പ്രാർത്ഥനകൾക്കു എന്റെ കണ്ണുകൾ തുറന്നും എന്റെ ചെവികൾ ശ്രദ്ധിച്ചു ഇരിക്കും എന്നു ദൈവംതമ്പുരാൻ ഉറപ്പുംകൊടുത്തു ഭാഗ്യമേറിയ വിശുദ്ധ നഗരം! ഇസ്രായേലിന്റെ പ്രശംസയായി അതു പരിലസിച്ചുതുടങ്ങി.

കാലങ്ങൾ കടന്നു. ഒരുവനു പുറകെ ഒരുവനായി ഇരുപതു രാജാക്കന്മാർ യറുശലേമിൽ ഭരണം നടത്തി. കടശ്ശി സെദക്കിയാവ് രാജാവായി വാഴ്ച തുടങ്ങി. രാജാവും പ്രജകളും സത്യദൈവത്തെ ഉപേക്ഷിച്ചു വിഗ്രഹങ്ങളെ ആരാധിക്കുവാൻ തുടങ്ങി. അവർ ദൈവത്തിന്റെ ന്യായപ്രമാണം ഉപേക്ഷിച്ചതിനാൽ ദൈവത്തിന്റെ കോപം അവരുടെ നേരെ ജ്വലിച്ചു തൽഫലമായി ബാബേൽരാജാവായ നെബുക്കദ്നേസർ സൈന്യസമേതം യറുശലേമിന്റെ നേരെ വന്നു. ആ പുറജാതിരാജാവ് ആ വിശുദ്ധനഗരം തകർത്തു. ദൈവാലയത്തിലെ ദിവ്യോപകരണങ്ങൾ കവർച്ചയായും, രാജാവിനെയും പ്രജകളെയും അടിമകളായും അവൻ ബാബേലിലേക്കു കൊണ്ടുപോയി.

ബാബേൽ ഉയർച്ച പ്രാപിച്ചു. രാജാവു പ്രതാപവാനായി. ഇതു ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപമഹത്വത്തിനായിട്ടു രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ എന്ന് അവൻ പറഞ്ഞുതുടങ്ങി. ഒരുദിവസം അവൻ രാജമന്ദിരത്തിന്മേൽ ഉലാത്തിക്കൊണ്ടിരുന്നപ്പോൾ അപ്രകാരം പറഞ്ഞു അഹങ്കാരത്തിന്റെ ഹുങ്കാരം! അതു സർവ്വശക്തൻ ക്ഷമിക്കുമോ? ഒരിക്കലും ഇല്ല ഉടനെതന്നെ സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം ഉണ്ടായി. "നെബുക്കദ്നേസർ രാജാവേ, രാജത്വം നിന്നെ വിട്ടുനീങ്ങിയിരിക്കുന്നു." താമസമെന്യേ അവന്റെ സുബുദ്ധി അവനെ വിട്ടുമാറി അവൻ രാജവസ്ത്രം പറിച്ചെറിഞ്ഞു. കൊട്ടാരം വിട്ടു കാട്ടിലേക്ക് അവൻ പോയി. അവൻ കാളയെപ്പോലെ പുല്ലുതിന്നു. അവന്റെ വാസം കാട്ടുമൃഗങ്ങളോടുകൂടെ ആയി. അവന്റെ ദേഹം മഞ്ഞുകൊണ്ടു നനഞ്ഞു. ഇങ്ങനെ ആരെങ്കിലും അധഃപതിച്ചിട്ടുണ്ടോ? വായിക്കുന്നവൻ ചിന്തിക്കട്ടെ. മകനായ ബെൽശസ്സർ ഈ രൂപാന്തരങ്ങളൊക്കെയും കണ്ടു: കാണുക മാത്രം ചെയ്തു. ഇതു് ആരുടെ കൈ എന്ന് അവൻ ഗ്രഹിച്ചില്ല. പ്രശാന്തമായി ചിന്തിച്ച് ആത്മനിക്ഷേപം സമ്പാദിച്ചതുമില്ല.

ബെൽശസ്സർ രാജാവായി. അവനും പ്രതാപലഹരിയിൽ മുഴുകി ജീവിച്ചു. അവന്റെ പ്രതാപം പ്രഘോഷിക്കുവാൻ അവൻ ഒരു വലിയ വിരുന്നു കഴിച്ചു. ഡർബാർ ഹോളിൽ പ്രഭുക്കന്മാർ വന്നുകൂടി. രാജാവു സിംഹാസനത്തിങ്കൽ ആഗതനായി ആസനസ്ഥനായി. വിശുദ്ധ പൊൻപാത്രങ്ങളിൽ അശുദ്ധ വിഭവങ്ങൾ, അഹഹാ കഷ്ടം, വിതരണം ചെയ്യപ്പെട്ടു. വിരുന്നു മോടിയായി നടക്കുന്നു. അപ്പോൾ അതാ വെള്ളച്ചുവരിൽ ഒരു കൈ കാണപ്പെടുന്നു. ആ കൈ ചുവരിൽ നാലു വാക്കുകൾ എഴുതുന്നു. കൈ അന്തർദ്ധാനം ചെയ്യുന്നു: വാ

ക്കുകളോ അവിടെ നിൽക്കുന്നു. കൈപ്പത്തിയും എഴുത്തും രാജാവു കണ്ടു. സൂക്ഷിച്ചുനോക്കുന്നു, വായിക്കുവാൻ കഴിയുന്നില്ല, രാജാവു പരിഭ്രമിക്കുന്നു. മുഖം വിളറുന്നു. ദേഹം വിയർക്കുന്നു: മഹത്തുക്കൾ അമ്പരക്കുന്നു. ദർശനം എന്തു്? വിദ്വാന്മാർ ആഗതരാക്കപ്പെടുന്നു. അതു വായിക്കുവാൻപോലും കഴിയാതെ അവർ വിഷണ്ണരായി നിൽക്കുന്നു. ദാനിയേൽ—ബുദ്ധിയും ജ്ഞാനവും ദൈവാത്മാവും ഉള്ള ദാനിയേൽ—ആഗതനാകുന്നു ചുവരിൽ നോക്കുന്നു. ലിഖിതം വായിക്കുന്നു—"മേനേ മേനേ തേഖേൽ ഉപാർസീൻ" അതിന്റെ അർത്ഥമാവിതു്. ദൈവം നിന്റെ രാജ്യം എണ്ണി അതിനു് അന്തം വരുത്തിയിരിക്കുന്നു. അവിടുന്നു നിന്നെ തുലാസിൽ തൂക്കി: നീ കുറവുള്ളവനായി കണ്ടെത്തപ്പെട്ടിരിക്കുന്നു. നിന്റെ രാജ്യം വിഭാഗിച്ചു മേദ്യക്കും പാർസ്യക്കും കൊടുത്തിരിക്കുന്നു. ബെൽശസർ രാജാവു് അദ്ദേഹത്തിന്റെ ദർശനത്തിന്റെ അർത്ഥം ശ്രദ്ധാപൂർവ്വം കേട്ടു. ഇപ്രകാരം സംഭവിക്കുമോ എന്നു് അവൻ ചിന്തിക്കുന്നു.

എന്നാൽ ദിവ്യദർശനം വ്യർത്ഥമായില്ല: അപ്രകാരംതന്നെ സംഭവിച്ചു. ആ രാത്രിയിൽ തന്നെ ബെൽശസർ കൊല്ലപ്പെട്ടു. മേദ്യനായ ദാരിയാവേശു് അവന്റെ രാജസിംഹാസനത്തിൽ ആരൂഢനായി.

വായിക്കുന്നവൻ വീണ്ടും ചിന്തിക്കട്ടെ: ബെൽശസറിന്റെ പ്രതാപം എത്ര ക്ഷണഭംഗുരമായിരുന്നു! നീ കർത്താവിനാൽ വിധിക്കപ്പെടാതിരിക്കേണ്ടുന്നതിനു നീ നിന്നെത്തന്നെ വിധിക്കുക. നീ ആയിരിക്കുന്നപ്രകാരം നിന്നെത്തന്നെ കാണുക. ആ സ്വയദർശനത്തിൽ ആത്മനിക്ഷേപം ഉണ്ടു്.

ബെൽശസറിന്റെ നില ഓർത്തുനോക്കുക. അവൻ പ്രതാപം പ്രദർശിപ്പിച്ചു പ്രമോദിക്കുന്നു: അവന്റെ പട്ടണമോ അതേസമയംതന്നെ ശത്രുക്കളാൽ വലയപ്പെട്ടിരിക്കുന്നു! അതേക്കുറിച്ചുള്ള നോട്ടമോ അന്വേഷണമോ കരുതലോ അവനു് ഇല്ലാതെപോയി. ആകയാൽ അവൻ അപകടത്തിൽ അകപ്പെട്ടു. നാമും ലോകം ജഡം പിശാചു് എന്നീ ശത്രുക്കളാൽ സദാ ചുററപ്പെട്ടും അക്രമിക്കപ്പെട്ടുംകൊണ്ടിരിക്കുന്നു. നമുക്കു നോട്ടവും ചിന്തയും കരുതലും ഉണ്ടോ? ദൈവാത്മശക്തിയാലല്ലാതെ അവയിന്മേൽ ജയംകൊണ്ടു നില്പാൻ സാധ്യമല്ല. ആയതിനായി നമ്മിലുള്ള പരിശുദ്ധ റൂഹായെ നാം സദാ ജ്വലിപ്പിച്ചുകൊണ്ടിരിക്കണം. "ദൈവമെ, വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കേണമെ. സ്ഥിരമുള്ള നിന്റെ റൂഹായെ എന്റെ ഉള്ളിൽ പുതുതാക്കേണമെ. തിരുമുമ്പിൽനിന്നു എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധ റൂഹായെ എന്നിൽനിന്നു് എടുക്കയുമരുതേ" എന്നു നമ്മൾ നിത്യവും ചൊല്ലുന്ന സങ്കീർത്തനപ്രാർത്ഥന നമുക്കു കൂടുതൽ അർത്ഥവത്തായിരിക്കട്ടെ. തേഖേൽ: ദൈവം നിന്നെ തുലാസിൽ തൂക്കിനോക്കി; ഹാ കഷ്ടം! നീ കുറവുള്ളവനായി കണ്ടെത്തപ്പെട്ടിരിക്കുന്നു എന്ന നില നമുക്കു വരാതിരിക്കട്ടെ.

ദൈവത്തെ മറന്നു ജീവിക്കുന്നവരുടെമേൽ വരുന്ന ആപത്തുകൾ നാം കാണുന്നു. അവയെപ്പററി നമ്മൾ ചിന്തിക്കുകയോ, അവയിൽനിന്നു് ഒരു ഗുണപാഠം പഠിച്ചു് അപ്രകാരമുള്ള വിപത്തുകൾ നമ്മുടെ മേൽ വരാതിരിക്കുവാൻ നാം കരുതുകയോ ചെയ്യുന്നില്ല. ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾക എന്നു നമ്മുടെ കർത്താവു് ഒരിക്കൽ മുന്നറിയിപ്പായി (Warning) നൽകിയ നിർദ്ദേശംപോലെതന്നെ ബെൽശസറിനെ ഓർത്തുകൊൾക എന്നും പറയാവുന്നതത്രെ.

നമ്മൾ ആയിരിക്കുന്നപ്രകാരം നമ്മെത്തന്നെ കാണുവാൻ നാം സദാ പരിശ്രമിക്കണം. മാർ പൗലൂസ് ശ്ലീഹാ അദ്ദേഹത്തെത്തന്നെ സൂക്ഷിച്ചുനോക്കിയപ്പോൾ എന്താണു കണ്ടതു്? "ഞാൻ ആഗ്രഹിക്കുന്ന നന്മ ഞാൻ ചെയ്യുന്നില്ല. ഞാൻ ആഗ്രഹിക്കാത്ത തിന്മയത്രെ ഞാൻ ചെയ്യുന്നതു്. അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ." നീ കുറവുള്ളവനായി കണ്ടെത്തപ്പെട്ടിരിക്കുന്നു എന്ന സ്വർഗ്ഗീയവിധി നമ്മുടെമേൽ ഇറങ്ങാതിരിക്കുവാൻ ഏററവും ആവശ്യമായ മാർഗ്ഗം ഏവംവിധമുള്ള സ്വയപരിശോധനയോടും കണ്ണുനീരിൻ നിലവിളിയോടുംകൂടെ നമ്മുടെ നില ശരിപ്പെടുത്തുക എന്നതത്രെ.

പ്രാർത്ഥിക്കുക:—യഹോവേ, നീ എന്നെ ശോധനചെയ്തു് അറിഞ്ഞിരിക്കുന്നു. ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തുനിന്നു

നിങ്ങൾ അവക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ

വി: മത്താ. 14:16.

(ദിവ്യശ്രീ എൻ. ഐ. യോഹന്നാൻ കത്തനാർ.)

വിശുദ്ധ വേദത്തിൽ, നാലു സുവിശേഷകന്മാരും ഒരുപോലെ വിവരിക്കുന്ന ഏക അത്ഭുതസംഭവം കർത്താവു് അഞ്ചപ്പംകൊണ്ടു് അയ്യായിരത്തെ പോഷിപ്പിച്ചതാണു്. അതിൽ കർത്താവു തന്റെ ശിഷ്യന്മാരോടു് അരുളിച്ചെയ്യുന്ന ശ്രദ്ധേയമായ ഒരു വാക്യമാണു മേൽ ഉദ്ധരിച്ചതു്. നാലു സുവിശേഷകന്മാരും ഇതിനെ വിവരിക്കുന്നതുകൊണ്ടുതന്നെ, കർത്താവിന്റെ മററു് അത്ഭുതങ്ങളെക്കാൾ ഇതിനു് ഒരു പ്രത്യേകതയുണ്ടെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. ഗഹനങ്ങളായ നിരവധി തത്വങ്ങൾ ഇതിൽ അന്തർഭവിച്ചിട്ടുണ്ടു്. അതിൽ ഒന്നിനെപ്പററി താൽക്കാലികമായി ചിന്തിക്കാം.

കർത്താവിന്റെ സന്നിധിയിൽനിന്നു് ആത്മഭക്ഷണമായ ദൈവവചനം സ്വീകരിക്കുന്നതിനും, ആത്മാക്കളുടെ വിശപ്പിനും ദാഹത്തിനും സംതൃപ്തി കൈവരുത്തി ആനന്ദമടയുന്നതിനുമായി പുരുഷാരം തടിച്ചുകൂടാറുണ്ടു്. രണ്ടും മൂന്നും ദിവസമായാലും തിരികെപ്പോകാൻ മനസ്സുവരാതെ, വചനശ്രവണത്തിൽതന്നെ അവർ ദത്തശ്രദ്ധരായി കഴിഞ്ഞുകൂടിയിരുന്നു. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ, കൈവശം ഉണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ തിന്നതിനു ശേഷവും പുരുഷാരം തന്നെ വിട്ടുപോകാതെ തിരുവചനങ്ങൾ ശ്രദ്ധിച്ചിരുന്നു. തിരിച്ചു പോകുന്നപക്ഷം വഴിയിൽ തളർന്നു വീഴുമെന്നുള്ള നിലയായി. ദൈവവചനം വേണ്ടുവോളം അനുഭവിച്ചെങ്കിലും ശരീരഭക്ഷണത്തിന്റെ അഭാവത്താലുള്ള പ്രയാസങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. വല്ലവിധത്തിലും അവരെ പറഞ്ഞുവിടാൻ ശിഷ്യന്മാർ തത്രപ്പെട്ടുതുടങ്ങി. കർത്താവു മനസ്സലിഞ്ഞു് അവരോടു പറയുന്നു: "നിങ്ങൾ അവക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ."

പുരുഷാരത്തിന്റെമേൽ കർത്താവിനു മനസ്സലിവുണ്ടായി. പല ആളുകളും വിചാരിക്കാറുള്ള ഒരു സംഗതി മനുഷ്യരുടെ ആത്മികകാര്യങ്ങളും ദൈവവുമായി മാത്രമെ ബന്ധമുള്ളു എന്നും, ലൗകികങ്ങളായ കാര്യങ്ങളിൽ ദൈവത്തിനു് ഒരു പങ്കുമില്ലെന്നും, കുടുംബപ്രജാലി, ആഹാരസമ്പാദനം, ധനവിനിമയം മുതലായവ, ദൈവവിചാരണയിൽനിന്നു് അന്യമായ ഒരു ഡിപ്പാർട്ടുമെന്റാണെന്നുമാണു്. കർത്താവിനെക്കുറിച്ചു കൂടുതലായി പഠിച്ചാൽ ഈ അബദ്ധധാരണ നീങ്ങും. പൈസാവിലയുള്ള കുരികിലിന്റെയും, ഒരു ദിവസത്തെ ആയുസ്സുള്ള പുല്ലിന്റെയും, ആകാശത്തിലെ പക്ഷികളുടെയും കാര്യത്തിൽപോലും ശ്രദ്ധിക്കയും താല്പര്യപ്പെടുകയും ചെയ്യുമെങ്കിൽ മനുഷ്യന്റെയും സകല കാര്യങ്ങളിലും എത്രയും ജാഗരൂകനായിരിക്കുന്ന ദൈവത്തെയാണു കർത്താവു നമുക്കു കാണിച്ചുതരുന്നതു്. മനുഷ്യന്റെ ലൗകികങ്ങളും ശാരീരികങ്ങളുമായ സർവ്വപ്രശ്നങ്ങളും ദൈവത്തിന്റെ ഭരണസീമയിൽപ്പെട്ടിരിക്കേണ്ടതാണു്. അഥവാ, ലോകത്തിൽ നമ്മുടെ ചുററും കണ്ടുവരാറുള്ള, ദുരിതങ്ങൾ, ജീവിതക്ലേശങ്ങൾ, കഷ്ടനഷ്ടങ്ങൾ മുതലായവയിൽപെട്ടു നട്ടംതിരി

ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധനചെയ്യുന്നു. എന്റെ വഴികളൊക്കെയും നിനക്കു മനസ്സിലായിരിക്കുന്നു. ദൈവമെ, എന്നെ ശോധനചെയ്തു എന്റെ ഹൃദയത്തെ അറിയണമെ. എന്നെ പരിശോധിച്ചു് എന്റെ നടപടികളെ ഗ്രഹിക്കണമെ. വ്യസനത്തിനുള്ള ദോഷവഴി എന്നിൽ ഉണ്ടോ എന്നു നോക്കി നിത്യവഴിയിൽ എന്നെ നടത്തണമെ. എന്റെ ദൈവമേ, ഞാൻ നിന്നെ ശരണമാക്കിയിരിക്കയാൽ എന്നെ കാത്തുകൊള്ളണമെ: കണ്ണിന്റെ കൃഷ്ണമണിപോലെ എന്നെ കാത്തുകൊള്ളണമെ. (സങ്കീർത്തനങ്ങളിൽനിന്നു്)

യുന്ന നിസ്സഹായരിൽ സഹതാപവും കരുണയും പ്രദർശിപ്പിക്കുന്ന ഒരു പരമകാരുണികനായ ദൈവം ഉണ്ടെന്നുള്ളതു് എത്രയോ ആശ്വാസകരമാണു്. കർത്താവു ലോകത്തിൽ ചെയ്ത കാര്യം ദൈവമനസ്സ് എങ്ങനെയെന്നുള്ളതു ലോകത്തിനു കാണിച്ചുകൊടുക്കുകയായിരുന്നു. സ്വർഗ്ഗസ്ഥനായ ദൈവം എങ്ങനെയുള്ള ആളാണെന്നു പ്രവൃത്തിരൂപത്തിൽ കർത്താവു സ്പഷ്ടമാക്കി. ലോകത്തിലെ ദുരിതമോ പ്രയാസമോ അർത്ഥമില്ലാത്തതോ, ഉദ്ദേശരഹിതമോ അല്ലെന്നും, പ്രത്യുത ദൈവതിരുഹിതം പ്രവൃത്തിരൂപത്തിൽ അന്യർക്കു കാണിച്ചുകൊടുക്കുവാനുള്ള അവസരങ്ങളാണു് അവയെന്നും പിറവിക്കുരുടന്റെ കാര്യത്തിൽ കർത്താവു് എത്രയും വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു.

പുരുഷാരത്തിൽ ആർദ്രതതോന്നിയ കർത്താവു് അവരുടെ ദുരിതനിവാരണത്തിനുള്ള ചുമതല ശിഷ്യന്മാരിൽ നിക്ഷേപിക്കുന്നു. “നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ” ലോകത്തിൽ ദൈവം എന്തെങ്കിലും പ്രവർത്തിക്കുന്നതു താൻ നേരിട്ടു് ഇറങ്ങിവന്നു് അല്ലല്ലോ. സകലവും പ്രവർത്തിക്കുന്നതും, സകല പ്രവൃത്തികളുടെയും കാരണഭൂതനും താൻതന്നെ ആണെങ്കിലും, അവയെ ഏറെറടുത്തു പങ്കു വഹിക്കേണ്ട ചുമതല മനുഷ്യരിൽ വെച്ചിരിക്കുന്നു. പ്രത്യേകിച്ചു ക്രിസ്ത്യാനികൾ എന്നുള്ള നിലയിൽ ക്രിസ്തുവിന്റെ പ്രവൃത്തികളിൽ പങ്കു വഹിക്കേണ്ട ഗൗരവാവഹമായ നമ്മുടെ ചുമതലയെ കർത്താവു് എത്രയും സ്പഷ്ടമായി കാണിക്കുന്നു. അശരണരായ ദരിദ്രലക്ഷങ്ങളെ ഇന്നത്തെ ലോകത്തിന്റെ മുമ്പിൽ കർത്താവു ചൂണ്ടിക്കാണിച്ചുകൊണ്ടു് ഈ വാക്യം കല്പിക്കുന്നില്ലെന്നു് എങ്ങനെ പറയാൻ സാധിക്കും. കർത്താവിന്റെ അന്നത്തെ സ്വഭാവം വ്യത്യാസപ്പെട്ടെന്നോ, അല്ലെങ്കിൽ ഇന്നു കർത്താവു ഭൂമിയിൽ സഞ്ചരിക്കുന്നില്ലെന്നോ ഒഴികഴിവു പറയാൻ സാധിക്കയില്ലല്ലോ. അന്നത്തെ കർത്താവു് അതേ സ്വരത്തിൽ എന്നുമുള്ള തന്റെ ശിഷ്യന്മാരോടു കല്പിക്കുന്നു “നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ.”

ശിഷ്യന്മാരുടെ കയ്യിൽ യാതൊന്നുമില്ലായിരുന്നു. പിന്നെ അവർ എന്തുചെയ്യാനാണു്. ഒന്നുമില്ലെന്നു കർത്താവിനു് അറിയാമായിരുന്നെങ്കിലും അവർക്കുള്ള ചുമതല അവർ അറിയാതിരിപ്പാനോ അതിൽനിന്നും അവർ ഒഴിഞ്ഞിരിപ്പാനോ, കർത്താവു് ആഗ്രഹിക്കുന്നില്ല. കൊടുക്കാനുള്ള വിഭവങ്ങൾ തരുന്നതു കർത്താവാണു്; കൊടുക്കാനുള്ള ചുമതലയെ ശിഷ്യന്മാരെ ഏല്പിച്ചേ ഉള്ളു. കൊടുക്കുന്നതിനു് അവർ തയാറാണെന്നു കണ്ടപ്പോൾ അതിനുള്ള വിഭവങ്ങളും വർദ്ധമാനമായി. ‘കൊടുക്കുവാൻ എന്റെ കൈവശം ഒന്നുമില്ല’ എന്നു ചിലർ പറയാറുണ്ടു്. കൊടുക്കാൻ നാം തയ്യാറാണോ എന്നാണു കർത്താവു നോക്കുന്നതു്. തയ്യാറാണെങ്കിൽ, അതിനുള്ള സന്മനസ്സുണ്ടെങ്കിൽ കൊടുക്കാനുള്ള വിഭവങ്ങൾ തീർച്ചയായും ഉണ്ടായ്ക്കൊള്ളും. നമുക്കുള്ള അല്പത്തെ കർത്താവിന്റെ പ്രവർത്തനത്തിനു വിധേയമാക്കിയാൽ മതി. അഞ്ചപ്പം അയ്യായിരത്തിനു വിളമ്പുകയും ശേഷിപ്പിക്കയും ചെയ്തു. അതേ, അതിൽ കൂടുതൽ വർദ്ധിപ്പിക്കാനും താൻ ശക്തനാണു് നമുക്കു ദൈവം തരുന്നതു് അല്പമായാലും അധികമായാലും അവയെ തന്റെ തിരുഹിതത്തിനു സമർപ്പിച്ചു് ഉള്ളതിന്റെ അംശം അല്പഭാവത്തോടുകൂടി നമ്മുടെ ദരിദ്ര സഹോദരനു കൊടുപ്പാൻ എത്രത്തോളം സാധിക്കുന്നുണ്ടു്.

കരുണാസമ്പൂർണ്ണമായ പ്രവൃത്തികൾ വെറും സദാചാരപരമായ സൽപ്രവൃത്തികളെന്നുള്ള നിലയിൽ മാത്രമല്ല, ക്രിസ്തീയ ജീവിതത്തിന്റെ അപരിത്യാജ്യമായ ഒരു ഘടകവുമായിട്ടാണു്, കർത്താവു നമുക്കു കാണിച്ചുതരുന്നതു്. ക്രിസ്തീയജീവിതം എന്നുവെച്ചാൽ, പ്രാർത്ഥനകൾ ഉരുവിടുകയോ, ദേവാലയത്തിൽ പോകയോ, വരുമാനങ്ങൾ കൊടുക്കയോ ചെയ്യുക മാത്രമാകുന്നു എന്നു വിചാരിക്കുന്ന അനേകരുണ്ടു്. ഇപ്പറഞ്ഞ കാര്യങ്ങൾ വിധിപൂർവ്വകമായി ചെയ്യുകയും, എരിയുന്ന വയറിനെയോ വരണ്ട നാവിനെയോ തണുപ്പിപ്പാൻ നിവൃത്തിമാർഗ്ഗങ്ങൾ ഉണ്ടായിട്ടുപോലും അതിനു മനസ്സാകാതെ—അഥവാ അതു് ഒരു ക്രിസ്തീയ ചുമതലയായി കണക്കാക്കാതെ—കഴിഞ്ഞുകൂടുന്നവരുമുണ്ടു്. ധനവാന്റെയും ദരിദ്രനായ ലാസറിന്റെയും കഥ കർത്താവിന്റെ കാലത്തു മാത്രമല്ല

ഇന്നു നമ്മുടെ പ്രതിദിനജീവിതത്തിൽ എത്രയെത്ര സുലഭമായി നമ്മുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെടാറുണ്ടു്. ഇന്നു് എത്രയെത്ര ലാസറന്മാരെ നായ്ക്കൾ നക്കുകയല്ല കടിച്ചു് ഓടിച്ചുവിടാറുണ്ടു്. കർത്താവിൻെറ കാലത്തുണ്ടായിരുന്ന യഹൂദന്മാരും ബാഹ്യാനുഷ്ഠാനത്തിൽ ഒട്ടും പിന്നോക്കമല്ലായിരുന്നു. അവരുടെ ഉപവാസവും, ദീർഘപ്രാർത്ഥനയും, പ്രസംഗവും മുഖസ്തുതിക്കുവേണ്ടിയുള്ള സംഭാവനകളും എല്ലാം കർത്താവു് ഒരു കവിതയുടെ തന്മയത്വത്തിൽ വർണ്ണിക്കുന്നുണ്ടു്. ആ വർണ്ണനകളെ സാർത്ഥകമാക്കുമാറു്, കൊതുകിനെ അരിക്കയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്ന നാമധേയക്രിസ്ത്യാനികൾ ഇന്നു കുറവല്ല. അങ്ങനെയുള്ള പ്രവൃത്തികളെ നിശിതമായി വിമർശിക്കുന്നതിലും ശാസിക്കുന്നതിലും കർത്താവു് ഒട്ടും മടികാണിച്ചില്ല. മാത്രമോ, ന്യായവിധിയുടെ ദിവസത്തിൽ ഇതരപാപങ്ങളെക്കാൾ, ഈ ചെറിയവരിൽ ഒരുത്തനു് എന്തെല്ലാം ചെയ്യാതിരുന്നുവോ (അന്നവസ്ത്രദാനം, ആതുരസംരക്ഷണം മുതലായവ നടത്താതിരിക്കുക) അങ്ങനെയുള്ളതിനെയാണു ഗൗരവമായി കണക്കിടുന്നതായി പറഞ്ഞിരിക്കുന്നതു്. (മത്താ 25:43-46) മോശമുഖാന്തിരം ദൈവം ഏല്പിച്ച നിരവധി പ്രമാണങ്ങളിൽ ദരിദ്രനെയും, പരദേശിയെയും അനാഥനെയും വിധവയെയും മറന്നിട്ടില്ല. ഈ ദൈവോദ്ദേശത്തിനു് ഇതരങ്ങളായ മാർഗ്ഗീയാനുഷ്ഠാനങ്ങളെ പ്രവാചകന്മാർ മുഖാന്തിരം ദൈവം ഭത്സിച്ചിട്ടുണ്ടു്. (യെശ. 58:4-8) പുതിയ നിയമകല്പനകളിലും അക്കാര്യത്തിനു കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കുന്നു. ക്രിസ്തുയേശുവിലുള്ള വിശ്വാസം സജീവമാകുന്നതു് അതു പ്രവൃത്തികൾ മുഖേന അന്യരിലേക്കു ബഹിർഗ്ഗമിക്കുമ്പോഴാണെന്നു കാണുന്നു. (യാക്കോ. 2:14-18) ഒരുവൻ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു വ്യർത്ഥാഭിമാനം പൂണ്ടു് അവനു മേലാൽ യാതൊന്നും ചെയ്യുവാനില്ല എന്ന മട്ടിൽ അന്യരോടുള്ള കടപ്പാടിൽനിന്നു് ഒഴിഞ്ഞാൽ അവൻെറ ജീവിതം നിർജ്ജീവമായിത്തീരുന്നു.

വ്യക്തിപരമായി മാത്രമല്ല, സഭയ്ക്കു പൊതുവായിട്ടും ഈ ചുമതലയുണ്ടെന്നു നാം ഓർത്തിരിക്കണം. സഭ സാക്ഷാൽ സഭയാകുന്നതു ക്രിസ്തു ലോകത്തിൽ പ്രവർത്തിച്ചകാര്യങ്ങൾ തുടർന്നുകൊണ്ടു പോകുമ്പോഴാണു്. അതിനാണു കർത്താവു് അതിനെ സ്ഥാപിച്ചതും. അപ്പസ്തോലികകാലത്തെ സഭയെ പരിശോധിച്ചാൽ ഈ സംഗതി വ്യക്തമാകുന്നതാണു്. സഭാംഗങ്ങൾ എണ്ണത്തിൽ വർദ്ധിച്ചപ്പോൾ, നിസ്സഹായരുടെയും അനാഥരുടെയും കാര്യം പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരുന്നു. ഒരുവനും മുട്ടുണ്ടാകാതെയിരിപ്പാൻ വസ്തുവകകൾ പൊതുവിൽ അനുഭവിച്ചിരുന്നു. വിധവമാരെ ശുശ്രൂഷിപ്പാൻ പ്രത്യേകം ശുശ്രൂഷകന്മാരെ സഭയിൽനിന്നും കൈവെപ്പോടുകൂടി നിയമിച്ചു. (നടപ്പ. 6:1-4) യെരുശലേമിലെ സഭാംഗങ്ങൾക്കു മുട്ടുണ്ടായപ്പോൾ കൊരിന്തിയാ, മക്കദോനിയാ ആദിയായ സ്ഥലങ്ങളിൽനിന്നും പണപ്പിരിവു നടത്തി അപ്പോസ്തോലിക മേൽനോട്ടത്തിൽ കൊടുത്തയച്ചു. ലൗകികവും ആത്മികവും ആയ എല്ലാക്കാര്യങ്ങളിലും പരസ്പരം ഭാരം വഹിച്ചും സഹിച്ചും ഏകശരീരത്തിൻെറ അവയവങ്ങളെന്നുള്ള നിലയിൽ വർത്തിക്കണമെന്നു ലേഖനങ്ങളാൽ അനുശാസിച്ചു. അപ്പോസ്തോലകാലത്തിനു ശേഷവും ഈക്കാര്യത്തിൽ സഭ ഗാഢമായി താല്പര്യം പ്രദർശിപ്പിച്ചിരുന്നുവെന്നുള്ളതിനു പിൽക്കാലങ്ങളിലുള്ള ചരിത്രങ്ങളും കാനോനുകളും സാക്ഷ്യങ്ങളാണു്. ദരിദ്രന്മാർക്കും വിധവകൾക്കും അനാഥർക്കും സഭയിൽനിന്നു മന്ദിരങ്ങൾ പണികഴിപ്പിച്ചിരുന്നു. പള്ളികളിൽ ഉണ്ടാകുന്ന ആദായത്തിൻെറ ഒരു ഭാഗം പരദേശികൾക്കും അനാഥർക്കുമായി കൊടുക്കുവാനും ഇടവകയിലെ ദരിദ്രന്മാരെ സംരക്ഷിക്കുവാനും അവകാശപ്പെട്ടതായി വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ പിൽക്കാലങ്ങളിൽ ആ സ്ഥിതിക്കു വ്യത്യാസം വന്നിരിക്കണം.

സഭ അതിൻെറ ആരംഭത്തിൽ വർദ്ധിപ്പാനും, സജീവമായി നാനാഭാഗത്തേക്കും വികസിപ്പാനും ഇടയായതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്നു് അതു് ആതുരസംരക്ഷണത്തിൽ ശ്രദ്ധിച്ചിരുന്നതുകൊണ്ടാണു് അന്യർക്കു ക്രിസ്തുവിൻെറ സ്നേഹം ആസ്വദിക്കുവാനും, ക്രിസ്തുവിൻെറ സ്നേഹസമ്പൂർണ്ണമായ മനോഭാവം അറിഞ്ഞു് അനുഭവിക്കുവാനും ഇടയാക്കിയതു്,

വി: തോമ്മാ ശ്ലീഹാ സ്ഥാപിച്ച കോട്ടക്കാവു പള്ളി.

(റവ. ഫാദർ ഐ. ഡാനിയേൽ ഡി. ഡി., എഫ്. പി എച്ച്. എസ്സ്., ചേപ്പാടു്)

വി: അപ്പോസ്തോലൻ തന്റെ കേരള സുവിശേഷപര്യടനത്തിനിടയിൽ പറവൂരിൽ വന്നെത്തി. പറവൂരെ കോട്ടക്കാവുക്ഷേത്രത്തിൽ ദുർഗ്ഗാരാധന-കൊണ്ടാടുന്ന ഒരു ഉത്സവക്കാലത്തായിരുന്നു വി: അപ്പോസ്തോലൻ അവിടെ എത്തിയതു്. നമ്പൂതിരിമാരുടെയും മററും വലിയ ഒരു ജനക്കൂട്ടം അവിടെ സമ്മേളിച്ചിരുന്നു. ഈ വിവരമറിഞ്ഞ അപ്പോസ്തോലൻ തന്റെ വലയ്ക്കു പററിയതായ ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുവാൻവേണ്ടി ക്ഷേത്രത്തിനു സമീപം ചെന്നുനിന്നു് യേശുക്രിസ്തുവിനെക്കുറിച്ചു പ്രസംഗിപ്പാൻ തുടങ്ങി.

അദ്ദേഹത്തിന്റെ വാചാലതയിൽനിന്നു നിരർഗ്ഗളമായി പ്രവഹിച്ച ക്രിസ്തുമതതത്വ

നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ എന്നുള്ള ആജ്ഞയെ സഭ ശിരസ്സാ വഹിച്ചതുകൊണ്ടാണു്. എന്നാൽ അതിൽ സംക്രമിക്കാവുന്ന ഒരു വൈകല്യം വെറും ആഹാരത്തെ ഓർത്തു ക്രിസ്ത്യാനിയായിത്തീരുന്നതോ, അല്ലെങ്കിൽ മുട്ടു തീരാൻ വേണ്ടി മാത്രം സഭയിൽ ചേരുന്നതോ ആയി വരുന്നതാകാം എന്നുള്ളതാണു്. അതു് അപ്പത്തെ മാത്രം ഓർത്തു കർത്താവിന്റെ പിന്നാലെ പോയവരെപ്പോലെയാണു്. അതല്ല കർത്താവു് ആഗ്രഹിക്കുന്നതു് ദൈവമഹത്വത്തിനായും, അവിശ്വാസിയെ വിശ്വാസത്തിലേക്കും വിശ്വാസിയെ വിശ്വാസസ്ഥിരതയിലേക്കും നയിപ്പാനും, അപ്പോസ്തോലികസഭയിലേതുപോലെ സമഭാവനയോടും ഹൃദയസന്തോഷത്തോടും പരസ്പരക്കൂട്ടായ്മയാലും ഐക്യതയുടെ ആത്മാവിൽ ശോഭിക്കുന്ന പ്രകാശസ്തംഭമായിട്ടാണു സഭ ദുരിതലോകത്തിനു രക്ഷാമാർഗ്ഗം നൽകേണ്ടതു്. കർത്താവു് ആത്മാവിന്റെയും തത്സമയത്തുതന്നെ ശരീരത്തിന്റെയും വൈദ്യനായിരുന്നു. പക്ഷവാതക്കാരനു പാപപരിഹാരം മാത്രമല്ല ശരീരത്തിന്റെ അവശതയ്ക്കും പരിഹാരം നൽകി. ആത്മാവിന്റെ വിശപ്പും അതോടൊന്നിച്ചു ശരീരത്തിന്റെ വിശപ്പും താൻ തീർത്തു. സഭയും മനുഷ്യാത്മാക്കളുടെ രക്ഷയ്ക്കായി പ്രയത്നിക്കയും, അതേ സമയത്തു ലൗകികങ്ങളായ അവശതകളെ വിഗണിക്കാതിരിക്കയും ചെയ്യണം. ഈ മൗലികാടിസ്ഥാനത്തിന്മേൽനിന്നു് എന്നു സഭ തെററിപ്പോകുന്നുവോ അന്നുമുതൽ അതു പരാജയമടയാതെ നിവൃത്തിയില്ല.

ആധുനികലോകം ഒരു വിപൽസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നു. അവശരുടെയും തൊഴിലാളികളുടെയും അവകാശത്തിന്റെ മറവിൽ നിർമ്മതത്വം, നിരീശ്വരത്വം, കമ്മ്യൂണിസം മുതലായവ സർപ്പതുല്യം ഫണമുയർത്തിപ്പിടിച്ചിരിക്കുന്ന ഭയങ്കരകാഴ്ചയാണു കാണുന്നതു്. കാരണം എന്താണു്? സഭകൾ അവയുടെ ചുമതലകൾ യഥായോഗ്യം നിർവഹിക്കാത്തതുതന്നെ. പ്രവൃത്തിയില്ലാത്ത പ്രസംഗമൊ കുചേലനെ സമാദരിക്കാത്ത കുബേരത്വമൊ ലോകത്തെ ആദായപ്പെടുത്തുവാൻ പര്യാപ്തമല്ല. മതം പാവങ്ങളെ ചൂഷണംചെയ്യുന്ന ഒരു സംഘടനയായിട്ടും, സഭ, ദുഷ്പ്രഭുത്വങ്ങളെ താലോലിക്കുന്ന കൂട്ടുകെട്ടായിട്ടും വ്യാഖ്യാനിക്കപ്പെടുവാൻ ഇടയാകരുതു്. വർഗ്ഗീയമനസ്ഥിതി, വർണ്ണവ്യത്യാസ, ഉച്ചനീചത്വങ്ങൾ മുതലായവ സഭയുടെ ഉള്ളിൽ ഉണ്ടായാൽ അതിനെ ലോകത്തിനു് ആവശ്യമില്ലാതെ വരും

ആത്മീയ കാര്യങ്ങളിൽ യാതൊന്നിന്റെയും പിമ്പിലല്ലെന്നു നാം അഭിമാനംകൊള്ളാറുള്ള നമ്മുടെ സഭയും അതിന്റെ കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതാണു്.

ങ്ങൾ വിദ്വാന്മാരായ നമ്പൂതിരിമാരുടെ സവിശേഷമായ ശ്രദ്ധയ്ക്കു പാത്രീഭവിച്ചു. പ്രശാന്തസുന്ദരവും, ലളിതകോമളവുമായ അദ്ദേഹത്തിന്റെ ആകാരസൌഷ്ഠവം, അനിതരസാധാരണമായ അദ്ദേഹത്തിന്റെ സംസാരപാടവം, പരിശുദ്ധവും; പരിപാവനവുമായ അദ്ദേഹത്തിന്റെ മുഖപത്മത്തിൽ സദാ കളിയാടിക്കൊണ്ടിരുന്ന സ്വർഗ്ഗീയ ജ്യോതിസ്സ് എന്നിവയാൽ അന്നവിടെ കൂടിയിരുന്ന ജനസഞ്ചയം അത്ഭുതപരതന്ത്രരായിത്തീർന്നു.

ഉത്സവം പ്രമാണിച്ചു ക്ഷേത്രദർശനത്തിനായി പറവൂർ രാജകുടുംബത്തിലെ നമ്പൂതിരി തമ്പുരാക്കന്മാരും ക്ഷേത്രക്കുളത്തിലിറങ്ങി കുളിച്ചുകൊണ്ടിരിക്കയായിരുന്നു പതിവുപോലെ അവർ കുളിച്ചുകഴിഞ്ഞശേഷം കുളത്തിന്റെ കല്പടികളിൽ നിന്നുകൊണ്ടു കുളത്തിലെ വെള്ളം കയ്യിലെടുത്തു ഗായത്രിജപം ചൊല്ലി മേലോട്ടെറിയുന്നതു പെട്ടെന്ന് അപ്പോസ്തോലന്റെ ദൃഷ്ടിയിൽപെട്ടു. ഉടനെ അപ്പോസ്തോലൻ അടുത്തുചെന്നു താഴെ വരുന്നപ്രകാരം ഒരു സംഭാഷണം നടത്തിയതായി പറയപ്പെടുന്നുണ്ടു്. അതു് ഏതാണ്ടീപ്രകാരമാണു്.

അപ്പോസ്തോലൻ—"നിങ്ങൾ എന്തിനാണു് ഇപ്രകാരം വെള്ളം കോരി മേലോട്ടെറിയുന്നതു്."

തമ്പുരാക്കന്മാർ—"ഞങ്ങൾ വെള്ളം കോരി ജപിച്ചുകൊണ്ടു ഞങ്ങളുടെ ദേവകൾക്കു സമർപ്പിക്കയാണു്."

അപ്പോസ്തോലൻ—നിങ്ങൾ സമർപ്പിക്കുന്ന വെള്ളം നിങ്ങളുടെ ദേവകൾ സ്വീകരിക്കുന്നില്ലല്ലോ. എന്തെന്നാൽ നിങ്ങൾ മേലോട്ടെറിയുന്ന വെള്ളം അതേപടി കീഴോട്ടു പോരികയാണല്ലൊ ചെയ്യുന്നതു് നിങ്ങളുടെ ദേവകൾ അതു സ്വീകരിച്ചിരുന്നെങ്കിൽ വെള്ളം താഴോട്ടു പോരാതെ മുകളിൽതന്നെ നിൽക്കുമായിരുന്നു."

തമ്പുരാക്കന്മാർ—"ജലത്തിനുള്ള പ്രകൃതിശക്തി ഒന്നുകൊണ്ടു മാത്രമാണു് അതു താഴോട്ടു പോരുന്നതു്. അല്ലാതെ ദേവകൾ സ്വീകരിക്കാഞ്ഞിട്ടല്ല."

അപ്പോസ്തോലൻ — "ഞാൻ എന്റെ ദൈവത്തിനു് ഇപ്രകാരം വെള്ളം കോരി എടുത്തു സമർപ്പിക്കുന്നതായാൽ ഞാൻ വെള്ളം എടുത്ത സ്ഥലത്തു കുളത്തിലെ വെള്ളത്തിൽ കുഴി കാണുകയും ഞാനർപ്പിച്ച വെള്ളം സത്യസ്വരൂപനായ എന്റെ ദൈവം സ്വീകരിക്കയും അതിനൊരു പ്രത്യക്ഷലക്ഷ്യമായി അതു താഴോട്ടു പോരാതെ മുകളിൽത്തന്നെ നിൽക്കയും ചെയ്യും. വേണമെങ്കിൽ പരീക്ഷിച്ചു കാണിക്കാം."

അപ്പോസ്തോലന്റെ ഈ വെല്ലുവിളികേട്ടു മന്ത്രതന്ത്രങ്ങളിൽ നിപുണരായിരുന്ന തമ്പുരാക്കന്മാർ അപ്പോസ്തോലന്റെ വചനപ്രകാരം അവർക്കു സാധിക്കുമോ എന്നു പരീക്ഷിച്ചുനോക്കി. പക്ഷെ സാധിച്ചില്ല. ഉടനെ അവർ അപ്പോസ്തോലന്റെ നേരെ തിരിഞ്ഞു് "നീ വെള്ളം കോരി മേലോട്ടെറിയുകയും അതു നിന്റെ ദൈവം സ്വീകരിച്ചതിനടയാളമായി വെള്ളം താഴോട്ടു പോരാതെ നിൽക്കയും കുളത്തിലെ വെള്ളത്തിൽ കുഴി കാണുകയും ചെയ്യുന്നതു കണ്ടാൽ അപ്പോൾതന്നെ ഞങ്ങൾ ഞങ്ങളുടെ ദേവകളെ ഉപേക്ഷിച്ചു നിന്റെ ദൈവത്തിൽ വിശ്വസിക്കാം എന്നു പറഞ്ഞു.

തന്റെ ഗുരുവും കർത്താവുമായവനിൽനിന്നു് അത്ഭുതം പ്രവർത്തിപ്പാൻ വരം സിദ്ധിച്ച അപ്പോസ്തോലനാകട്ടെ അപ്രകാരം പ്രവർത്തിച്ചു കാണിക്കാമെന്നു സ്വയം ഏറ്റേൽക്കയും താനപ്രകാരം ചെയ്യുന്നപക്ഷം അവർ തന്നെ വിശ്വസിക്കാമെന്നു തമ്പുരാക്കന്മാരെക്കൊണ്ടു വീണ്ടും വാക്കുറപ്പിക്കയും ചെയ്തു. അനന്തരം അദ്ദേഹം ക്ഷേത്രക്കുളത്തിലിറങ്ങി പ്രാർത്ഥിച്ചു വെള്ളം തൃക്കയ്യിൽ കോരി മേലോട്ടു് എറിഞ്ഞപ്പോൾ അത്ഭുതം കാണപ്പെട്ടു. അദ്ദേഹം വെള്ളം കോരി എടുത്ത സ്ഥലത്തു കുളത്തിലെ വെള്ളത്തിൽ കുഴി കാണുകയും മേലോട്ടെറിഞ്ഞ വെള്ളം ജലകണങ്ങൾ ഒററതിരിഞ്ഞു വെള്ളിക്കട്ടകൾപോലെ അന്തരീക്ഷത്തിൽ നക്ഷത്രസമാനം ശോഭിച്ചു നിൽക്കയും ചെയ്തു. ഈ അത്ഭുതം കണ്ടപ്പോൾ തമ്പുരാക്കന്മാരും വിശേഷിച്ചു് അന്നവിടെ കൂടിയിരുന്ന നമ്പൂതിരിമാരിൽ പലരും അപ്പോസ്തോലനെ ഭയഭക്തിപൂർവ്വം ശ്രദ്ധിക്കുവാൻ തുടങ്ങി

ഉടനെ അപ്പോസ്തോലൻ അവരോടു കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു സുദീർഘ

മായി പ്രസംഗിക്കയും കോട്ടക്കാവിലെ പ്രതിഷ്ഠയും അവരുടെ ദേവിയുമായ ദുർഗ്ഗ അഥവാ ഭദ്രകാളി അവർ വിചാരിക്കുന്നതുപോലെ സാക്ഷാൽ ഒരു ദേവിയല്ലെന്നും പ്രത്യുത അവൾ ഒരു പൈശാചികമൂർത്തി മാത്രമാണെന്നും അവരെ ശാന്തമായി ഉദ്ബോധിപ്പിക്കയും ചെയ്തു. ഉടനെ തമ്പുരാക്കന്മാരും മററുംകൂടി ക്ഷേത്രത്തിൽനിന്നും ഭദ്രകാളിയെ വിളിച്ചിറക്കി അവരെ കാണിച്ചുകൊടുത്തു ബോദ്ധ്യപ്പെടുത്തുന്നപക്ഷം അവർ അപ്പോൾതന്നെ ക്രിസ്തുമതം സ്വീകരിച്ചുകൊള്ളാമെന്നു സമ്മതിച്ചുപറഞ്ഞു.

വി: അപ്പോസ്തോലൻ "കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ ഞാൻ നിന്നെ വിളിക്കുന്നു. കാളീ പുറത്തുവരിക" എന്നുപറഞ്ഞു ഭദ്രകാളിയെ വിളിച്ചു ക്ഷേത്രത്തിൽനിന്നും പുറത്തിറക്കി അവരെ കാണിച്ചുകൊടുത്തു. ആ ഭയങ്കരമൂർത്തിയെക്കണ്ടു ഭയപരവശരായിത്തീർന്ന തമ്പുരാക്കന്മാരുടെയും മററും അപേക്ഷ അനുസരിച്ചു ശ്ലീഹാ അവളോടു ഭൂമി പിളർന്നു പാതാളത്തിലേക്കു പോകുവാൻ ആജ്ഞാപിച്ചു എന്നും ഉടൻതന്നെ മണ്ഡപമദ്ധ്യത്തിൽ ഭൂമിപിളർന്ന് അവൾ അന്തർദ്ധാനംചെയ്തു എന്നും പറയപ്പെടുന്നു

കാവിൽനിന്നിരുന്ന ഒരു വലിയ വൃക്ഷം ശ്ലീഹായുടെ പ്രാർത്ഥനയാൽ മറിഞ്ഞുവീണു എന്നും അതിൽ വസിച്ചിരുന്ന സർപ്പങ്ങൾ അവിടെ നിന്നിരുന്നവരിൽ ചിലരെ കടിക്കുകയും കടി ഏററവർ ബോധരഹിതരായി നിലംപതിക്കുകയും ചെയ്തപ്പോൾ വി: അപ്പോസ്തോലൻ അവരെ തൊട്ടു സൌഖ്യമാക്കി എന്നും പറയപ്പെടുന്നു. അപ്പോസ്തോലൻെറ ഈദൃശഅൽഭുതപ്രവർത്തികൾ കണ്ടപ്പോൾ അവിടെ കൂടിയിരുന്ന പ്രസിദ്ധ മാന്ത്രികന്മാരായ നമ്പൂതിരിമാരിൽ ചിലർ അദ്ദേഹത്തെ വെല്ലുവിളിച്ചു എന്നും അവരുടെ മന്ത്രഫലമായി ക്ഷേത്രത്തിൻെറ പടിവാതിൽക്കൽ നിന്നിരുന്ന ആനയുടെ കരിങ്കൽ വിഗ്രഹം തുമ്പിക്കൈ ഉയർത്തിപ്പിടിച്ചു ശ്ലീഹായുടെ നേരെ ഗർജ്ജിച്ചുകൊണ്ടു പാഞ്ഞടുത്തു എന്നും, ശ്ലീഹാ തൻെറ കയ്യിലിരുന്ന ഒരു വടികൊണ്ടു് അതിനെ അടിച്ചപ്പോൾ അതു് അലറിക്കൊണ്ടു് അഗ്നിപർവ്വതം പോലെ നിലംപതിച്ചു എന്നും, അതിൽനിന്നുൽഗമിച്ച അഗ്നിപ്രവാഹം ആ മാന്ത്രികരെ ഭസ്മീകരിച്ചപ്പോൾ അപ്പോസ്തോലൻ തൻെറ പ്രാർത്ഥനാശക്തിയാൽ അവരെ പുനർജ്ജീവിപ്പിച്ചു എന്നും ഐതിഹ്യമുണ്ടു്.

ഈ അൽഭുതങ്ങളെല്ലാം കണ്ടപ്പോൾ അവിടെ കൂടിയിരുന്ന നമ്പൂതിരിമാരും ജനക്കൂട്ടവും ക്രിസ്തുവിൽ വിശ്വസിക്കയും അവർ ക്ഷേത്രക്കുളത്തിലിറങ്ങി അപ്പോസ്തോലൻെറ തൃക്കരങ്ങളാൽ വി: മാമോദീസാ സ്വീകരിക്കയും ചെയ്തു. ക്ഷേത്രത്തിൻെറ ഉടമസ്ഥരായ തമ്പുരാക്കന്മാരുടെയും അതിലെ തന്ത്രിയായ നമ്പൂതിരിയുടെയും സ്ഥാനത്തെത്തുടർന്ന് അവർ ക്ഷേത്രം ഒരു പള്ളിയായി രൂപാന്തരപ്പെടുത്തുന്നതിന് അപ്പോസ്തോലനെ അനുവദിച്ചു. ഉടനെ അദ്ദേഹം ക്ഷേത്രത്തിൽ കടന്ന് അതിലെ വിഗ്രഹങ്ങൾ എല്ലാം എടുത്തുകളഞ്ഞിട്ടു വി: കുരിശു സ്ഥാപിക്കയും അങ്ങനെ അതിനെ ഒരു ക്രിസ്ത്യൻ ദേവാലയമാക്കിത്തീർക്കയും ചെയ്തു. ഇതത്രെ ചരിത്രപ്രസിദ്ധമായ പറവൂരെ കോട്ടക്കാവുപള്ളി. ഈ പള്ളി ഇപ്പോൾ റോമ്മൻകത്തോലിക്കരുടെ കൈവശമാണു്. വി: അപ്പോസ്തോലനും മലങ്കരസഭയും തമ്മിലുള്ള ബന്ധത്തിൻെറ ഒരു നിത്യസ്മാരകമായി അതു് ഇന്നും നിലനിന്നുവരുന്നു.

മലങ്കര
സുറിയാനി സഭാ ചരിത്രം.

ആധുനികകാലംവരെ.

മെത്രാപ്പോലീത്തന്മാർ, കാതോലിക്കാമാർ, പാത്രിയർക്കീസന്മാർ ആദിയായവരുടെയും പെട്ടു്, കൽക്കുരിശുകൾ ആദിയായവയുടെയും ബ്ലോക്കുകളോടും ഭൂപടത്തോടും കൂടിയതു്.

ഗ്രന്ഥകർത്താ: ഫാദർ കെ. ഡേവിഡ് ബി.ഏ. ബി.ഡി. (എം. ഡി. സിമ്മനാരി, കോട്ടയം)

വില: മേനിക്കടലാസ്	1 രു.	12 ണ.
സാധാരണ	1 രു.	8 ണ.

(4-ാംപേജിന്റെ ബാക്കി)

അസൂയയും പകയും നമ്മെ മലിനപ്പെടുത്തുകയില്ല. നാം ഒരു പുതിയ സൃഷ്ടിയാകും ഇതാണു് ഒരത്മായക്കാരന്റെ ശ്രേഷ്ഠവിളി.

വിശുദ്ധ നാട്ടിൽനിന്നു കേൾക്കപ്പെടുന്ന റാമായിലെ വിലാപം.

വിശുദ്ധ നാടും നാമും തമ്മിൽ ഏററവും പുരാതനവും പരിപാവനവുമായ ഒരു ബന്ധം ഉണ്ടെങ്കിലും അവിടുത്തെ സ്ഥിതിഗതികളെപ്പററി നാം തുലോം അശ്രദ്ധാലുക്കളായിട്ടാണു കാണപ്പെടുന്നതു്. വിശുദ്ധ നാട്ടിൽ ആരംഭിച്ച ക്രിസ്തുമതത്തിനു രാജ്യങ്ങളെയും സാമ്രാജ്യങ്ങളെയും കീഴ്പെടുത്തുന്നതിന്നു് അത്ര അധികം കാലം വേണ്ടിവന്നില്ല. ക്രിസ്തുവിന്റെ കാലത്തുതന്നെ കൈവിരലുകളിൽ എണ്ണാവുന്ന മീൻപിടുത്തക്കാരുടെ ശ്രമംകൊണ്ടുതന്നെ ക്രിസ്തുമതം റോമ്മാസാമ്രാജ്യത്തിന്റെ വിദൂരപ്രദേശങ്ങളിൽപോലും വ്യാപിച്ചു. പെന്തിക്കോസ്തി ദിവസത്തിൽ കിട്ടിയ ആളുകളുടെ കൂട്ടത്തിൽ പാർത്തക്കാരും മേദക്കാരും ഏലാമിക്കാരും പെന്തുസിലും ആസ്യയിലും പ്രിജിയായിലുമുള്ളവരും ക്രേത്തന്മാരും ഉൾപ്പെട്ടിരുന്നു. വി: പൌലൂസുതന്നെ റോമ്മാപട്ടണത്തെ പിടിച്ചടക്കിയ ശേഷം സ്പെയിനിലേക്കു പോകാൻ ആഗ്രഹിച്ചു. അതിനുശേഷം സുവിശേഷക്കൊടി അന്ധകാരമയമായ ആഫ്രിക്കായിലും ഏഷ്യായിലും അമ്മേരിക്കായിലും നാട്ടപ്പെട്ടു. ലോകത്തെ ആക്രമിച്ച ക്രിസ്തുമതത്തിന്റെ സ്വദേശത്തെ ഇന്നത്തെ നില ആരെയും ആശ്ചര്യപരതന്ത്രരാക്കുന്നതാണു്. രണ്ടുലക്ഷം വരുന്ന പാലസ്തീനിൽ എട്ടുശതമാനമെ ഇന്നു ക്രിസ്ത്യാനികളുള്ളു 12 ശതമാനം യഹൂദന്മാരാണു്. 80 ശതമാനം മഹമ്മദീയരുമാണുള്ളതു്. അന്യമതസ്ഥന്മാരാരുംതന്നെ ക്രിസ്ത്യാനികളോടു മൈത്രീഭാവത്തിലല്ല കഴിയുന്നതു്. ഒരു യഹൂദൻ ഒരു യഹൂദക്രിസ്ത്യാനിയെ ഒരു രാജദ്രോഹിയായിട്ടാണു വിചാരിക്കുന്നതു്. അല്ലൻബി പ്രഭു 1937-ൽ പാലസ്തീൻനാടു കൈവശപ്പെടുത്തിയശേഷമെ അവിടെ സമാധാനവും സന്തുഷ്ടിയും നിലകൊണ്ടൊള്ളു. എന്നാൽ മഹച്ഛക്തികളുടെ വടംവലിയുടെ ഫലമായി ബ്രിട്ടീഷ് ഭരണം അവിടെ അവസാനിപ്പിക്കേണ്ടതായിട്ടാണു വന്നുകൂടിയതു്. ബ്രിട്ടീഷുകാർ ഭരണം അവസാനിപ്പിച്ചതോടുകൂടെ കൊലയും കവർച്ചയും അരാജകത്വവുമാണവിടെ നടമാടുന്നതു്. ലോകത്തിനു സമാധാനദൂതിനെ പ്രദാനംചെയ്ത രാജ്യം അസ്വസ്ഥതയുടെയും രക്തച്ചൊരിച്ചിലിന്റെയും കേളീരംഗമായി ചമഞ്ഞിരിക്കുന്നു.

പ്രവാചകൻ പറഞ്ഞിട്ടുള്ളതുപോലെ രാജ്യം വിഭാഗിക്കപ്പെട്ടിരിക്കുന്നു യഹൂദന്മാരും അറബികളുംകൂടെ അതിനെ പങ്കിട്ടെടുത്തിരിക്കുന്നു. ക്രിസ്തീയ മഹച്ഛക്തികൾ വെറും കാണികളായി ദൂരെ നോക്കിക്കൊണ്ടു നിൽക്കുന്നു. അവരുടെ രാജ്യങ്ങളുടെയും പ്രാഭവങ്ങളുടെയും നിദാനമായ ക്രിസ്തുനാഥന്റെ പാദസ്പർശത്താൽ പരിപാവനമാക്കപ്പെട്ടിട്ടുള്ള പുണ്യഭൂമിയിൽ ഒരു ക്രൈസ്തവൻ മേലിൽ ഒരെററ നോട്ടംപോലും നോക്കുവാൻ സാദ്ധ്യമാണോ എന്നുള്ള വസ്തുത സംശയാസ്പദമായിരിക്കുന്നു.

കിഴക്കിന്റെ നക്ഷത്രം ഉദിച്ച ബേതലഹേം അറബികളുടെ കൈവശമാണു്. വി: കന്യകയ്ക്കു ഗബ്രിയേൽ മാലാഖാ പ്രത്യക്ഷപ്പെട്ട നസ്രേത്തു യഹൂദന്മാർ കൈക്കലാക്കിയിരിക്കുന്നു. അതുപോലെ ഗലീലായും തെബീരിയസും പുണ്യചരിതനായ യോഹന്നാൻ ബപ്റ്റിസ്തിന്റെ ജനനസ്ഥലവും, കന്യക ഏലിസബേത്തിനോടുകൂടെ ആദ്യമാസം താമസിച്ച മലനാടായ ഐയിൻകറിമും യഹൂദന്മാരുടെ കൈവശമത്രെ (ഇവിടെയത്രെ വി. കാതോലിക്കാബാവാ തിരുമേനി പയ്യംനേവളയിൽ കുറെക്കാലം താമസിച്ചതു്.) വിശുദ്ധന്റെ തല ഹേരോദാവിനു കാഴ്ചവെച്ചശേഷം ശേഷിച്ച ഭാഗം സംസ്ക്കരിക്കപ്പെട്ട സെബസ്ത്യാ അറബികളുടെ കയ്യിലത്രെ. പുണ്യസ്ഥലങ്ങൾകൊണ്ടു നിബിഡീകൃതമായ പഴയ യരുശലേം അറബികളുടെ കൈവശവും പുതിയ യരുശലേം യഹൂദകൈവശവുമത്രെ യരുശലേം സാർവ്വരാജ്യഭരണത്തിൻ കീഴിൽ കൊണ്ടുവരണമെന്നു തീരുമാനിക്കപ്പെട്ടിട്ടുണ്ടെങ്കിലും യഹൂദഗവൺമെൻറു യരുശലേമിൽ ഉറപ്പിച്ചിരിക്കയാണു്.

ക്രൂദൊശ് ഈദ്ത്തോ

(വി. കത്തോലിക്കാബാവാ തിരുമനസ്സുകൊണ്ട് 28-3-125-ൽ–ക്രൂദൊശ് ഈദ്ത്തോ ഞായറാഴ്ച–കോട്ടയം പഴയസിമ്മനാരി ചാപ്പലിൽവച്ചു ചെയ്ത പ്രസംഗം.)

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ!

ക്രൂദൊശ് ഈദ്ത്തോ എന്നാൽ സഭയുടെ ശുദ്ധീകരണം എന്നാണ്. ക്രൂദൊശ് ഈദ്ത്തോ ഞായറാഴ്ച ഞായറാഴ്ചകളുടെ ആരംഭമത്രെ. ഓരോ ആണ്ടിലും 'നാം കടന്നുപോകാതെ ദൈവയിഷ്ടപ്രകാരം ജീവിച്ചിരിക്കുന്ന അതിനാൽ ഓരോ ആണ്ടിനെയും നാം പ്രയോജനപ്പെടുത്തണം.

പൂർവകാലങ്ങളിൽ റാഹേൽ അവളുടെ മക്കളെപ്പററി കരഞ്ഞ കരച്ചിൽ ഇന്നും പലസ്തീനിൽ കേൾക്കാവുന്നതാണ്. അറബി അഭയാർത്ഥികൾ അനുദിനം ഇരുനൂറുവീതം മരിച്ചുകൊണ്ടിരിക്കുന്നു. കുടിയേററത്തിനു യഹൂദന്മാർ ആയിരംവീതം ഹയ്ഫാതുറമുഖത്ത് ഇറങ്ങിക്കൊണ്ടിരിക്കുന്നു ഭക്ഷണദൌർല്ലഭ്യവും തൊഴിലില്ലായ്മയും യഹൂദന്മാരെയും തുറിച്ചുനോക്കുന്നു. പണദൌർലഭ്യം ഇസ്രയേൽ ഗവമ്മെൻറിനെ താഴ്ത്തുന്നതാണ്. യറുശലേം യഹൂദനും മഹമ്മദീയനും ക്രിസ്ത്യാനിക്കും പുണ്യഭൂമിയാണ്. മഹമ്മദു സ്ത്രീമുഖവും മയിലിന്റെ വാലുമുള്ള കുതിരയെ നിറുത്തിയിട്ടു സ്വർഗ്ഗം കാണാനും കൊറാൻ കൊണ്ടുവരാനുമായി സ്വർഗ്ഗാരോഹണം? ചെയ്തതു യറുശലേമ്മിൽവച്ചാണ്. ഐക്യരാജ്യഗവർമ്മെൻറു ഭരിക്കാതെ പുണ്യയാത്രക്കാർക്കു യറുശലേമിൽ പോക എളുപ്പമല്ല.

നമ്മുടെ കർത്താവു യറുശലേമ്മിനെ നോക്കി കരഞ്ഞതുപോലെ എല്ലാ ക്രിസ്ത്യാനികളും പുണ്യനാടിനെ നോക്കി കരയത്തക്ക സ്ഥിതിഗതികളാണവിടെ നിലകൊള്ളുന്നത്. നമുക്കു പുണ്യനാടിന്റെ സമാധാനത്തിനുവേണ്ടി നിരന്തരമായി പ്രാർത്ഥിക്കാം. കഷ്ടപ്പെടുന്നവരെ നമുക്ക് ഓർക്കാം. പുണ്യസ്ഥലങ്ങൾ അക്ഷയമായി വിശ്വാസികളുടെ സംരക്ഷണയിൽ ആകുന്നതിനു പ്രാർത്ഥിക്കാം.

ഇന്നത്തെ ഏവൻഗേലിയോനിൽ (മത്താ 16:13-23, മർക്കോ. 8:27-33) പത്രോസിനെ സഭയുടെ അടിസ്ഥാനക്കല്ലാക്കുന്നതും, തന്റെ ആടുകളെ മേയിക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനു കൊടുക്കുന്നതും ആയ ഭാഗം നാം വായിക്കുന്നു. ക്രൂദൊശ് ഈദ്ത്തോയിക്ക് എന്തിന് ഇതു വായിക്കുന്നു? സഭ എന്നുവച്ചാൽ സത്യവിശ്വാസത്തിൽ നടക്കുന്ന വിശ്വാസികളുടെ കൂട്ടം എന്നാണ്. സഭ സത്യവിശ്വാസം പഠിപ്പിക്കുന്നു. ആകയാൽ സഭയിൽനിന്നു നാം പഠിക്കണം.

"മനുഷ്യർ എന്നെപ്പററി എന്തുപറയുന്നു" എന്നു കർത്താവു ചോദിച്ചപ്പോൾ ചിലർ യോഹന്നാൻസ്നാപകനെന്നും ചിലർ ഏലിയാവെന്നും മററു ചിലർ പ്രവാചകന്മാരിൽ ഒരുവനെന്നും പറയുന്നു എന്നു ശിഷ്യന്മാർ അറിയിക്കുന്നു "എന്നാൽ ഞാൻ ആരെന്നു നിങ്ങൾ പറയുന്നു" എന്നു താൻ പ്രത്യേകമായി ചോദിക്കുന്നു. അപ്പോൾ പത്രോസു പറയുന്നു "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു." (മത്താ. 16:13-17) ഉടനെ കർത്താവു കല്പിക്കുന്നു, ശിമോനേ നീ ഭാഗ്യവാൻ; ജഡവും രക്തവുമല്ല നിനക്ക് ഇതു വെളിപ്പെടുത്തിയതു്. പിന്നെയോ സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ. വീണ്ടും കല്പിക്കുന്നു പത്രോസേ, നീ പാറയാകുന്നു ഈ പാറമേൽ ഞാൻ എന്റെ * പള്ളിയെ (സഭയെ) പണിയും. പാതാളവാതിലുകൾ അതിന്റെ നേരേ ബലംചെയ്കയില്ല. ഒരു വ്യക്തി എന്ന നിലയിൽ പത്രോസ് ഭാഗ്യവാനാണ്. സഭയുടെ ആരംഭക്കാരനാണ്. എന്തുകൊണ്ടെന്നാൽ അദ്ദേഹം ഏററുപറഞ്ഞ വിശ്വാസത്തിന്മേൽ സഭ പണിയപ്പെട്ടിരിക്കുന്നു. അനന്തരം കർത്താവു തന്റെ കഷ്ടാനുഭവത്തെയും മരണത്തെയുംപററി

---

* സുറിയാനിയിൽ സഭ എന്നും, പള്ളി എന്നും ഉള്ളതിനു 'ഈദ്ത്തോ' എന്ന ഒരു വാക്കത്രെ.

ശിഷ്യന്മാരോടു പറയുന്നു. അപ്പോൾ കർത്താവിൽനിന്നു ഭാഗ്യം സിദ്ധിച്ചവൻ—കർത്താവിനെ ഏററം സ്നേഹിച്ച ശിഷ്യൻ—പത്രോസ് കർത്താവിനെ വേറിട്ടു കൊണ്ടുപോയി അറിയിക്കുന്നു. കർത്താവേ, നീ മരിക്കരുതേ! ഉടനെ കർത്താവു കല്പിക്കുന്നതു് സാത്താനെ എന്റെ പുറകിൽ പോകുക എന്നാണു്. നോക്കുക! പാറ എന്നും സാത്താനെന്നും ഒരേ വായിൽനിന്നു് ഒരേ അവസരത്തിൽ പറയുന്നു. പാറ എന്നു വിളിക്കപ്പെട്ടവൻ തെററിപ്പോയാൽ സാത്താനെന്നു വിളിക്കപ്പെടും. തെററിപ്പോകാതിരുന്നാൽ ഭാഗ്യം.

പത്രോസ് തെററിയാലും അദ്ദേഹം ഏററുപറഞ്ഞ വിശ്വാസം തെററുകയില്ല. എന്തെന്നാൽ അതു ജഡവും രക്തവുമല്ല; സ്വർഗ്ഗസ്ഥനായ പിതാവത്രെ വെളിപ്പെടുത്തിയതു്. വി: യാക്കോബിന്റെ കർബാനതക്സായിൽ നാം ചൊല്ലുന്നതു് "സത്യവിശ്വാസമാകുന്ന പാറമേൽ സ്ഥാപിതമായിരിക്കുന്നതും പാതാളവാതിലുകൾ അതിനോടു ബലംചെയ്യാത്തതുമായ സഭ" എന്നാത്രെ. എല്ലായ്പോഴും സത്യവിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതും സത്യവിശ്വാസം പഠിപ്പിക്കുന്നതുമാണു സഭ. സത്യവിശ്വാസത്തിൽ സ്ഥിരപ്പെട്ടു നിൽക്കാത്തവൻ സഭയിൽ നിൽക്കുന്നു എന്നു പറഞ്ഞാൽ യാതൊരു പ്രയോജനവുമില്ല. പാറ എന്നു വിളിക്കപ്പെട്ടവൻ സാത്താനെന്നും വിളിക്കപ്പെടുന്നു. നാം സത്യവിശ്വാസത്തിൽ സ്ഥിരപ്പെട്ടു നിൽക്കുന്നതിനാണു ക്രൂദോശ്ഈത്തോ—ശുദ്ധീകരണം—വച്ചിരിക്കുന്നതു്. അതിനാൽ ഓരോരുത്തനും സ്വയപരിശോധന നടത്തി തന്നെത്താനെ ശുദ്ധീകരിക്കേണ്ട അവസരമാണിതു്

വി: മാമ്മോദിസാമൂലം വീണ്ടും ജനിച്ചവരും തിരുശരീരരക്തങ്ങൾ അനുഭവിച്ചവരുമായ നാം ഓരോരുത്തരും ദൈവത്തിന്റെ ആലയങ്ങളത്രെ. കൈകളാൽ ഉണ്ടാക്കപ്പെട്ട ആലയങ്ങളെക്കാൾ കൈകളാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതല്ലാത്ത ആലയങ്ങളാകുന്ന നമ്മെയാണു ദൈവം ആഗ്രഹിക്കുന്നതു്. അതിനാൽ ക്രൂദൊശ് ഈത്തോ—പള്ളിയുടെ ശുദ്ധീകരണം—എന്നുപറഞ്ഞാൽ ഓരോ വ്യക്തിയുടെയും ശുദ്ധീകരണമെന്നത്രെ. നാമെല്ലാവരും ശുദ്ധീകരിക്കപ്പെട്ടു കഴിയുമ്പോൾ സഭ ആകമാനം ശുദ്ധീകരിക്കപ്പെട്ടു കഴിഞ്ഞു. ക്രൂദൊശ് ഈത്തോ, പള്ളിയുടെ ശുദ്ധീകരണം. പള്ളി ഒരിക്കൽ ക്രൂദാശ ചെയ്യപ്പെട്ടതാണു്. വീണ്ടും ആണ്ടുതോറും ക്രൂദാശചെയ്യുന്നില്ല. പിന്നെ എന്തിനു ക്രൂദൊശ് ഈത്തോ വച്ചിരിക്കുന്നു? സഭാമക്കളായ നാമോരോരുത്തരുടെയും ശുദ്ധീകരണത്തിനുവേണ്ടിയത്രെ. ആകയാൽ ക്രൂദൊശ്ഈത്തോയുടെ ഈ ദിവസം നാമോരോരുത്തരും നമ്മുടെ പാപങ്ങളെപ്പററി സത്യമായി അനുതപിച്ചു കണ്ണുനീരോടുകൂടി കുമ്പസാരിക്കേണ്ടിയിരിക്കുന്നു.

"പത്രോസേ, നിനക്കു ഭാഗ്യം. ജഡവും രക്തവുമല്ല സ്വർഗ്ഗത്തിലുള്ളവനായ എന്റെ പിതാവാണു നിനക്കു് ഇതു വെളിപ്പെടുത്തിയതു്. - - - നീ പാറയാകുന്നു" വിശ്വാസം വെളിപ്പെടുത്തിയതു പിതാവാണു്. അതു പത്രോസിന്റെ സ്വന്ത ബുദ്ധിയിൽനിന്നോ യുക്തിയിൽനിന്നോ പറഞ്ഞതല്ല, പത്രോസിനെക്കൊണ്ടു് അതു പറയിച്ചതുമൂലം അദ്ദേഹത്തിനു ഭാഗ്യം. യേശുക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്നു പിശാചുക്കളും വിറച്ചുകൊണ്ടു് ഏററുപറയുന്നു "യേശുവേ, അത്യുന്നതനായ ദൈവത്തിന്റെ പുത്രാ, ഞങ്ങളെ വിടുക. ഞങ്ങൾക്കും നിനക്കും തമ്മിൽ എന്തു്? എന്നിപ്രകാരം അവർ തന്നോടു പറയുന്നതായി നാം വായിക്കുന്നു. എന്നാൽ പിശാചിന്റെ വിശ്വാസം പോരാ. പിശാചു് അങ്ങനെ വിശ്വസിക്കുന്നു എങ്കിലും അവന്റെ പ്രവൃത്തി ദൈവയിഷ്ടപ്രകാരമല്ല, എതിരാണു്. ആകയാൽ കർത്താവിന്റെ ഇഷ്ടം അറിഞ്ഞു അവന്റെ കല്പനകൾ നാം ആചരിക്കണം.

കർത്താവിന്റെ കല്പനകൾ സീനായിമലമേൽവച്ചു മോശയ്ക്കു നൽകപ്പെട്ട കല്പനകളെക്കാൾ മികച്ചവയാണു് സീനായിമലമേൽ വച്ചു നൽകപ്പെട്ട കല്പനകൾ ദൈവദൂതനാൽ നൽകപ്പെട്ട എന്നു വി. സ്തേപ്പാനോസും എബ്രായലേഖനകർത്താവു പ്രസ്താവിക്കുന്നു. (നടപ്പു. 7:38, എബ്രാ. 2:2) അതിനെ ലംഘിച്ചവർ, കരുണ ലഭിക്കാതെ മരിച്ചു എങ്കിൽ ദൈവപുത്രന്റെ കല്പനയെ ലംഘിക്കുന്ന

തിന്റെ ശിക്ഷ എന്തായിരിക്കും എന്നോത്തു നോക്കുവിൻ. "സഭയെ കേൾക്കാത്തവൻ നിനക്കു ചുങ്കക്കാരനും കാവ്യനുമായിരിക്കട്ടെ" എന്നു കത്താവു കല്പിച്ചിരിക്കുന്നു. സഭയുടെ കൽപ്പനകൾ അനുസരിപ്പാൻ കത്താവു നിഷ്ക്കഷിക്കുന്നു. ഇതു് ഒരു നിസ്സാരകാര്യമല്ല, ദൈവത്തിന്റെ കൽപ്പനയാണു്.

സഭ അതിന്റെ ശക്തി ലോകത്തെ അറിയിക്കുന്നതിനു നിഖ്യാവിശ്വാസപ്രമാണം ഉണ്ടാക്കിയിരിക്കുന്നു. വിശ്വാസപ്രമാണത്തിൽ പിതാവിലും പുത്രനിലും പരിശുദ്ധ റൂഹായിലും വിശ്വസിക്കുന്നു. അപ്രകാരംതന്നെ കാതോലിക്കായിക്കും ശ്ലീഹായിക്കും അടുത്ത ഏക സഭയിലും വിശ്വസിക്കുന്നു. സഭയിലുള്ള വിശ്വാസം ത്രിത്വത്തിലുള്ള വിശ്വാസംപോലെ തന്നെ പ്രാധാന്യമേറിയതാണു്. "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു" "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും."

നമ്മൾ സഭയിൽ നിന്നുകൊണ്ടു വിശ്വാസമില്ലാതായാൽ നാം തന്നെ സഭയ്ക്കു ചുങ്കക്കാരും പാപികളും ആയിരിക്കും. ക്രിസ്ത്യാനി എന്ന പേരെടുത്തുകൊണ്ടു നടക്കുന്നവരെല്ലാം ക്രിസ്ത്യാനികളല്ല. മാർത്തോമ്മാ, നവീനത്തിൻഡ്യൻ എന്നീ ഇതരസഭകളുമായി ഒന്നിച്ചു നടക്കണം എന്നിപ്രകാരമെല്ലാം പറയുന്നവരുണ്ടു്. എന്നാൽ നിങ്ങൾ ഒന്നു മനസ്സിലാക്കണം. നിന്റെ സഭയെ കേൾക്കാത്തവൻ നിനക്കു ചുങ്കക്കാരനും പാപിയുമാണു്. ആകയാൽ വേദപുസ്തകവും പ്രമാണങ്ങളും നാം പഠിക്കണം. "മനുഷ്യൻ തന്റെ ബഹുമാനത്തെ അറിയാതെ - - - മൃഗത്തിനു സദൃശനായിത്തീന്നു" എന്നു ദാവീദു പറഞ്ഞിരിക്കുന്നു. ആകയാൽ നാം നമ്മുടെ ബഹുമാനം അറിയണം. ക്രൂദാശ് ഈത്തോയുടെ ഈ ദിവസത്തിൽ നമ്മെത്തന്നെ ശുദ്ധീകരിക്കണം. നമ്മുടെ ഇഷ്ടം ദൈവയിഷ്ടത്തിനു കീഴ്പ്പെടുത്തണം. തന്റെ കൽപ്പനകളനുസരിച്ചു ജീവിക്കണം. ദൈവയിഷ്ടത്തിനു വിപരീതമായുള്ളതിനെയെല്ലാം ത്യജിക്കണം. "എനിക്കുവേണ്ടി അപ്പനെയോ അമ്മയേയോ നിലംപുരയിടങ്ങളെയോ ഉപേക്ഷിക്കാത്തവൻ എനിക്കു യോഗ്യനല്ല" എന്നത്രെ കത്താവു കൽപ്പിക്കുന്നതു്.

നമ്മുടെ വിശ്വാസം സത്യവിശ്വാസമത്രെ. ഇതു സർവ്വലോകരും സമ്മതിക്കുന്നു. റോമാ, ഗ്രീക്ക്, റഷ്യൻ എന്നീ സഭകളൊക്കെയും നമ്മുടെ വിശ്വാസവും പട്ടത്വവും ക്രൂദാശകളും അംഗീകരിക്കുന്നു. നമ്മുടെ സഭയുടെ വിശ്വാസം സത്യവിശ്വാസമെന്നും അതിന്റെ കൽപ്പനകൾ എല്ലാവരും അനുസരിക്കണമെന്നും നാം ഈ പറയുന്ന വാക്കുകൾ സ്വന്തമായി നിങ്ങളോടു പറയുന്നതല്ല. ദൈവം പറയിക്കുന്നവയാണു്.

ഇക്കാലത്തു നമ്മുടെ ആളുകൾക്കു് എപ്പോഴും പണത്തെപ്പററിയുള്ള ചിന്ത മാത്രമേയുള്ളു. അതുപോരാ. ഒരു വിശ്വാസിയുടെ ജീവിതോദ്ദേശം പണസമ്പാദനമല്ല. പിന്നെയോ നിത്യമായ ജീവിതത്തിലേക്കു് ഒരുങ്ങുകയെന്നതത്രെ. സഭയുടെ കൽപ്പനകൾ കത്താവിന്റെ കൽപ്പനകളാണു്. വിശ്വാസവിപരീതികളോടുകൂടി സംസർഗ്ഗം ചെയ്യരുതു് എന്നുള്ളതു സഭയുടെ കൽപ്പനയാകുന്നു. സഭയുടെ കൽപ്പന കേൾക്കാത്തവൻ നിനക്കു ചുങ്കക്കാരനും കാവ്യനുമാകുന്നു എന്നു കൽപ്പിച്ചിരിക്കുന്നതു നമ്മുടെ കത്താവാകുന്നു. "വിശ്വാസവിപരീതികളോടുകൂടി ഞാൻ സംസർഗ്ഗം ചെയ്യു. അരിഷ്ടമാംവണ്ണം അവരെ ഞാൻ സ്നേഹിച്ചു." ഇതു കുമ്പസാരത്തിൽ ഏററുപറയേണ്ട പാപമാണു്. ദൈവാലയം പണിത ശലോമോനു പുറജാതികളോടുള്ള വേഴ്ചനിമിത്തം വിഗ്രഹങ്ങളും വിഗ്രഹക്കാവുകളും അമ്പലങ്ങളും പണിയിച്ചു. അതു യഹൂദജാതിയുടെ നാശത്തിനു കാരണമായിത്തീന്നു. അതിനാൽ നിങ്ങൾ സഭയ്ക്കു ചുങ്കക്കാരും പാപികളുമാകാതിരിപ്പാൻ സൂക്ഷിക്കണം. വല്ല ബലഹീനതകളും വന്നുപോയിട്ടുണ്ടെങ്കിൽ കണ്ണുനീരോടുകൂടി അനുതപിച്ചു കുമ്പസാരിക്കണം. അങ്ങനെ നിങ്ങളെത്തന്നെ ശുദ്ധീകരിച്ചു വെടിപ്പും വിശുദ്ധിയുമുള്ളവരായിത്തീരുവാൻ ദൈവമായ കത്താവു നിങ്ങൾക്കു കൃപ നൽകട്ടെ.

സഭാചന്ദ്രികയ്ക്കു മറുപടി.

ആലുവാ സിമ്മനാരിയിൽനിന്നിറങ്ങിയ 125 തുലാം 30-ാംതീയതിയിലെ സഭാചന്ദ്രിക മാസികയിൽ (പുസ്തകം 2 ലക്കം 14) "പരുമല പ്രസംഗം" എന്ന ശീർഷകത്തിൽ കണ്ട വിമർശനമാണ് ഈ മറുപടിക്കു ഞങ്ങളെ പ്രേരിപ്പിച്ചതു്. പരുമല പെരുനാൾ ദിവസം അവിടെവച്ചു വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു ചെയ്ത പ്രസംഗത്തിന്റെ റിപ്പോർട്ടു "മലയാള മനോരമയിലും' 'കേരള ഭൂഷണ'ത്തിലും കണ്ടതിനെ ആസ്പദമാക്കിയാണ് ആ വിമർശനം എഴുതപ്പെട്ടിരിക്കുന്നതു്. തിരുമനസ്സിലെ പ്രസംഗത്തിലെ ഏതാനും പ്രസ്താവനകൾ "സമാധാനയാലോചനയെ ആരംഭത്തിൽതന്നെ അലങ്കോലമാക്കുമെന്നുള്ള ഭീതിമൂലം ജനസാമാന്യം വഞ്ചിതരാകാതിരിക്കേണ്ടതിനായി പ്രസ്തുത പ്രസ്താവനയിലെ സത്യത്തിനും, യുക്തിക്കും, കാനോനും, ചരിത്രത്തിനും വിരുദ്ധമായ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതു ഞങ്ങളുടെ ചുമതലയാണ്" എന്നു കരുതിയിട്ടാകുന്നു "സഭാചന്ദ്രിക" ഈദൃശമൊരു വിമർശനത്തിനു മുതിർന്നതെന്നു പ്രാരംഭത്തിൽതന്നെ പ്രസ്താവനയുണ്ടു്. ഈ സഹജീവിയുടെ ഉദ്യമം സത്യത്തിനുവേണ്ടിയെങ്കിൽ തികച്ചും പ്രശംസാർഹമാകുന്നുവെന്നു സമ്മതിക്കാതെ തരമില്ല. "കാതോലിക്കാ ഒരു 'ഉമ്മാക്കി'യാണെന്നു വല്ലവരും തെറ്റിദ്ധരിച്ചിട്ടുണ്ടോ എന്നു ഞങ്ങൾക്ക് അറിവില്ല" എന്നുള്ള ചന്ദ്രികയിലെ പ്രസ്താവനയിൽനിന്നും ആ മാസികയുടെ പ്രവർത്തകരെങ്കിലും (അവരുടെ വിമർശനത്തിൽനിന്നു് അങ്ങനെ തെറ്റിദ്ധരിച്ചതായി തോന്നിപ്പോകുന്നുണ്ടെങ്കിലും) പ്രത്യക്ഷത്തിൽ അപ്രകാരം തെറ്റിദ്ധരിച്ചിട്ടില്ലെന്നുള്ള സമ്മതധ്വനി ആശ്വാസകരമായിരിക്കുന്നു. "കാതോലിക്കാസ്ഥാനം പാത്രിയർക്കാസ്ഥാനത്തിനു കീഴിലല്ല സമമാണ്" എന്നുള്ള കാതോലിക്കാബാവാ തിരുമനസ്സിലെ പ്രസ്താവനയെയാണ 'ചന്ദ്രിക' പ്രധാനമായി വിമർശിക്കുന്നതു്. "യുക്തിയും ചരിത്രവും കാനോനും ഓർത്തഡോക്സ് ഭരണഘടനയും പട്ടാക്കൊടക്രമവും വട്ടശ്ശേരിൽ തിരുമേനിയുടെ "മതസംഗതി"യും മൊഴിയും പരിശോധിച്ചിട്ടു ചന്ദ്രിക നാലു പ്രധാന അബദ്ധങ്ങളാണ തിരുമനസ്സിലെ പ്രസ്താവനയിൽ കണ്ടുപിടിച്ചിരിക്കുന്നതു്. അവ ഓരോന്നിനെയും പരിശോധിച്ചുനോക്കിയാൽ ചന്ദ്രികയുടെ അനുമാനം അബദ്ധംഹിതമല്ലെന്നു കാണുവാൻ വലിയ പ്രയാസമുണ്ടെന്നു തോന്നുന്നില്ല.

1) ഒരു വീട്ടിൽ രണ്ടു പിതാക്കന്മാർ. ഒരു രാജ്യത്തു രണ്ടു രാജാക്കന്മാർ, ഒരു ഹൈക്കോർട്ടിൽ രണ്ടു ചീഫ്ജസ്റ്റീസന്മാർ ഒരേ അധികാരത്തോടുകൂടി കഴിയാമെങ്കിലല്ലാതെ ഒരേ സഭയിൽ--യാക്കോബായ സുറിയാനിസഭയിൽ—ഒന്നിനൊന്നു കീഴല്ലാതെ പാത്രിയർക്കാസിംഹാസനവും കാതോലിക്കാസിംഹാസനവും നിൽക്കാൻ സാദ്ധ്യമല്ലെന്നു വെറും യുക്തിപോലും സമ്മതിക്കുന്നു. എല്ലാ സഭകളിലും ഇതുതന്നെയാണ തത്വം." ചന്ദ്രികയുടെ ഈ പ്രസ്താവന അബദ്ധജടിലമാണെന്നു്, അവിഭാജ്യമായിരുന്ന ആദിമസഭയുടെ ഭരണക്രമം പ്രസ്പഷ്ടമാക്കുന്നുണ്ടു്. റോമാ, അലക്സന്ത്രിയാ, അന്ത്യോക്യാ, കുസ്തന്തീനോപ്പോലീസ് എന്നീ ഏകസഭാവിഭാഗങ്ങളിലെ പാത്രിയർക്കീസന്മാർ സമ അധികാരമുള്ളവരെന്നല്ലാതെ ഒരാൾ അപരനു കീഴ്പെട്ടിരുന്നതായി വാദിക്കുവാൻ ചന്ദ്രിക ഒരുമ്പെടുമോ? ഒന്നൊന്നിനു കീഴിലായിരുന്നുവെങ്കിൽ അവരിൽ പരമാധികാരി ആരായിരുന്നു. അന്ത്യോക്യാപാത്രിയർക്കീസോ അതോ, റോമാ പാപ്പായോ? അതോ മറു സിംഹാസനങ്ങളിൽ ഏതെങ്കിലുമൊന്നോ? ഒരേ സഭയിലുള്ള വിവിധവിഭാഗങ്ങളെ സമാധികാരമുള്ള പാത്രിയർക്കീസന്മാർ ഭരിച്ചിരുന്നെങ്കിൽ യാക്കോബായസഭയിലെ രണ്ടു വിഭാഗമാകുന്ന പാത്രിയർക്കീസിന്റെയും കാതോലിക്കായുടെയും ഭരണസീമകളിൽ സമാധികാരമുള്ള ഒരു പാത്രിയർക്കീസും കാതോലിക്കായും ഭരിക്കുന്നതിനുള്ള യുക്തിഭംഗമെന്തു്? സഭയുടെ പരമാധികാരം ഒരു ഭരണകർത്താവിനല്ല പ്രത്യുത, സുന്നഹദോസിനാണെന്നുള്ള കാര്യം ചന്ദ്രിക മറന്നിരിക്കുകയാണോ? പത്രോസിന്റെ പരമാധികാരത്തെ സ്ഥാപിച്ചുകൊണ്ടുള്ള റോ

മാസഭയുടെ പരമാധികാരവാദം അന്ത്യോക്യാപാത്രിയക്കീസിനുവേണ്ടി "ചന്ദ്രിക" അവലംബിക്കുന്നതു് അഭിലഷണീയമല്ല. അതു യാക്കോബായസഭയുടെ തത്വവുമല്ല.

2) യുക്തി വിട്ടിട്ടു ചരിത്രത്തിലേക്കും കാനോനിലേക്കുമാണു "ചന്ദ്രിക" പിന്നീടു പ്രവേശിക്കുന്നതു്. "കാതോലിക്കാസ്ഥാപനം ഉണ്ടായ കാലംമുതൽക്കേ അതു് അന്ത്യോക്യാസിംഹാസനത്തിനു കീഴ്പെട്ടിരുന്നുവെന്നു പുരാതന ചരിത്രകാരന്മാരായ ബാർ എബ്രായ, മിഖായേൽ റാബ്ബാ ആദിയായ വി. പിതാക്കന്മാരും ആധുനിക ചരിത്രകാരന്മാരെല്ലാവരും സ്പഷ്ടമായി പറയുന്നുണ്ടു്" ഇതു് ഉദാഹരണരഹിതമായ ഒരു പൊതുപ്രസ്താവനയാകയാൽ ചരിത്രത്തിൽനിന്നും കാനോനിൽനിന്നും ചില ഭാഗങ്ങൾ പരിശോധിക്കുന്നതു് ഈ പ്രസ്താവനയുടെ യാഥാർത്ഥ്യത്തെ മനസ്സിലാക്കുന്നതിനു സഹായിക്കാതിരിക്കയില്ല. ബാർ എബ്രായയെ ഇക്കൂട്ടത്തിൽപെടുത്തിയതു് അത്ഭുതമായിരിക്കുന്നു. കാതോലിക്കാസിംഹാസനത്തിന്റെ ഉത്ഭവത്തെപ്പററി ബാർ എബ്രായയുടെ 'എക്ലീസിയാസ്തിക്കി' എന്ന ഗ്രന്ഥം എന്താണു പറയുന്നതു്. ആദ്യത്തെ കാതോലിക്കാ ആയിരുന്ന ആഹോദാബ്ബൂയിക്കു് ഉർശ്ലേമിൽവച്ചു അവിടത്തെ എപ്പിസ്കോപ്പന്മാർ ചേർന്നു കാതോലിക്കാസ്ഥാനം കൊടുത്തപ്പോൾ അവിടെ ഉണ്ടായിരുന്ന എപ്പിസ്കോപ്പന്മാർ എഴുതിയ സ്ഥാത്തിക്കോനിൽ വിവരിച്ചിരിക്കുന്നതു എന്തു്? "അന്നുമുതൽ പടിഞ്ഞാറുള്ള എപ്പിസ്കോപ്പന്മാർ, കിഴക്കുള്ള എപ്പിസ്കോപ്പന്മാരെ അവരുടെ തലവൻ മരിക്കുമ്പോൾ അവർ തിരഞ്ഞെടുക്കുന്ന ആളിന്റെ മേൽ അവർ (കിഴക്കുള്ള എപ്പിസ്കോപ്പന്മാർ) കൈവയ്ക്കാമെന്നും വീണ്ടും അന്ത്യോക്യായിലേക്കു വരുവാൻ ആവശ്യമില്ലെന്നും അനുവദിച്ചു. ആ പ്രകാരവും കിഴക്കിന്റെ വലിയമെത്രാപ്പോലീത്താ കാതോലിക്കായും പാത്രിയക്കീസുമായി പ്രസംഗിക്കപ്പെടണമെന്നും സ്ഥാത്തിക്കോനും എഴുതി" എന്നിപ്രകാരമാണു ബാർ എബ്രായ പറയുന്നതു്. ഈ കീഴ്വഴക്കത്തിന്റെ ലക്ഷണമോ സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും ലക്ഷണമോ? ചന്ദ്രിക തന്നെ വിധിക്കുക. "എങ്കിലും അന്ത്യോക്യാപാത്രിയക്കീസിനു് ഇതു് ഇഷ്ടമായില്ല" എന്നു ബാർ എബ്രായതന്നെ എടുത്തുപറയുന്നതു കീഴ്വഴക്കം കൊണ്ടാണോ സ്വാതന്ത്ര്യം അനുവദിച്ചതുകൊണ്ടാണോ എന്നു ചന്ദ്രിക ചിന്തിച്ചുനോക്കണമേ. ആഹോദാബ്ബൂയിക്കുശേഷം അടുത്തുണ്ടായ കാതോലിക്കാമാർ ഇപ്രകാരം സ്വതന്ത്രമായി വാഴിക്കപ്പെട്ടവരും അന്ത്യോക്യാപാത്രിയക്കീസിന്റെ കീഴ്വഴക്കമൊന്നുമില്ലാതെ സഭയെ ഭരിച്ചുവന്നവരുമല്ലയോ? ബാർ എബ്രായയുടെ സഭാചരിത്രം അങ്ങനെയല്ല കാണിക്കുന്നതു്.

വീണ്ടും നിഖ്യാ സുന്നഹദോസ് കാതോലിക്കായെപ്പററി എന്തുപറയുന്നതായിട്ടാണു ബാർ എബ്രായയുടെ ഹൂദായകാനോനിൽ കാണുന്നതു്. അന്ത്യോക്യാപാത്രിയക്കീസിനെ "അന്ത്യോക്യായുടെയും കിഴക്കൊക്കയുടെയും" പാത്രിയക്കീസെന്നു് അവിടെ വിവരിച്ചിരിക്കുന്നതുകൊണ്ടു് (7-ാംകെപ്പാലയോൻ 1-ാംപാസ്സോക്കാ) പാത്രിയക്കീസിനു കാതോലിക്കായുടെ മേൽ അധികാരമുണ്ടെന്നു ചന്ദ്രിക വാദിക്കുമായിരിക്കാം. "കിഴക്കൊക്കയു" എന്നുള്ളതു് അന്ത്യോക്യാതലസ്ഥാനമായിരുന്ന റോമാസാമ്രാജ്യത്തിന്റെ കിഴക്കൻഭാഗമാണെന്നു ചരിത്രത്തിൽനിന്നും മനസ്സിലാകുന്നതാണു്. അന്ത്യോക്യാ പാത്രിയക്കീസായിരുന്ന മിലീത്തോസിനെ "അന്ത്യോക്യാ ഒക്കയിന്മേലും പാത്രിയക്കീസ്സാകുവാനായിട്ടു് - - - - സമ്മതിച്ചു" എന്നത്രെ കാനോൻ 7-ാം അദ്ധ്യായം 2-ാംപാസോക്കായിൽ 'മാബൂഗിന്റെ പീലക്സീനോസ്' എന്ന ഭാഗത്തിൽ കാണുന്നതു്. ഇവിടെ പറയുന്ന 'അന്ത്യോക്യാ ഒക്കയിന്മേലും' എന്നതു് അന്ത്യോക്യായെയും അതോടുചേർന്നുള്ള റോമാസാമ്രാജ്യത്തിൽപെട്ട "കിഴക്കു് ഒക്കയേ"യും ഉദ്ദേശിച്ചത്രെ. കാര്യങ്ങൾ ഗ്രഹിക്കാതെ കിഴക്കൊക്കയുമെന്നുള്ളതു വിദൂരപൂർവ്വദേശങ്ങളും ഉൾക്കൊള്ളുന്ന പൌരസ്ത്യദേശങ്ങളാണെന്നു ചില ചരിത്രകാരന്മാർ തെററിദ്ധരിച്ചു എഴുതിവിട്ടിട്ടുണ്ടെന്നുള്ള കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. മാർ മിഖായേൽ റാബ്ബായുടെ ചരിത്രം ഇതെപ്പററി എന്താണു പറയുന്നതു്. കസ്തന്തീനോസ് ചക്രവർത്തിയുടെ രണ്ടാമത്തെ

പുത്രനായ കുസ്തന്തീസിനു തന്റെ പിതാവിന്റെ വിൽ അനുസരിച്ചു ലഭിച്ച ഭൂവിഭാഗത്തിനു മിഖായേൽ റാബോ കൊടുത്തിരിക്കുന്ന പേരെന്താണ് അന്ത്യോക്യായും കിഴക്കൊക്കെയുമെന്നല്ലയോ? (അന്ത്യോക്യാ ഉക്രുലോ മദീനഹോ—7 ാം മെമ്രാ 4-ാം കെപ്പാലയോൻ നോക്കുക) കുസ്തന്തീസിനു റോമാസാമ്രാജ്യത്തിനു വെളിക്കുള്ള പൗരസ്ത്യദേശങ്ങളിലെല്ലാം ഭരണമുണ്ടായിരുന്നുവെന്ന് ആരും വാദിക്കുകയില്ലല്ലോ. അന്ത്യോക്യായും കിഴക്കൊക്കെയും എന്നു പറയുന്നത് അന്നത്തെ റോമാസാമ്രാജ്യത്തിലുൾപ്പെട്ട കിഴക്കൻ വിഭാഗങ്ങളാണ്. അതിന്മേലുള്ള പാത്രിയർക്കീസിന്റെ ഭരണലബ്ധി നിമിത്തം കാതോലിക്കായുടെ മേൽ എന്തെങ്കിലും ഭരണം ലഭിച്ചതായി വിചാരിക്കുന്നതു ഭംഗിയല്ല. കാനോനിൽ കാണുന്നത് "അൽമദിനഹോ" എന്നല്ല "അൽക്രുലോമദിനഹോ" ആകുന്നു എന്നുള്ള കാര്യവും ഓർത്തിരിക്കേണ്ടതാണ്.

വീണ്ടും കാതോലിക്കായുടെ അധികാരത്തെപ്പററി ഹൂദായകാനോൻ എന്തു പറയുന്നു "കിഴക്കിന്റെ വലിയമെത്രാപ്പോലീത്തായിക്കു പാത്രിയർക്കീസിനെപ്പോലെ കിഴക്കു മെത്രാപ്പോലീത്തായെ വാഴിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കും" (കെപ്പാലയോൻ 7. പാസൂക്കാ 1 നിഖ്യാ) കിഴക്കിന്റെ കാതോലിക്കായെ തിരഞ്ഞെടുക്കുന്നതിനും വാഴിക്കുന്നതിനുമുള്ള അധികാരം കിഴക്കർക്കുള്ളതായി ബർ എബ്രായയുടെ ചരിത്രത്തിൽനിന്നും കണ്ടുകഴിഞ്ഞു. ഹൂദായകാനോനിൽ നിന്നും അദ്ദേഹത്തിനു പാത്രിയർക്കീസിനെപ്പോലെ കിഴക്ക് മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനുള്ള അധികാരവും ഉള്ളതായി കാണുന്നു.

ഈവക കാര്യങ്ങൾ 'ചന്ദ്രിക' അവലംബിക്കുന്ന കാനോനിൽ ഒരുപക്ഷെ, കാണുകയില്ലായിരിക്കാം. സത്യത്തിനുവേണ്ടി നിൽക്കുന്ന 'ചന്ദ്രിക' സമാധാനാർത്ഥം സത്യമായ കാനോൻ ഏതാണെന്ന് ഒന്ന് അന്വേഷിക്കുമെങ്കിൽ നന്നായിരുന്നു.

വീണ്ടും ഹൂദായകാനോനിൽ കാതോലിക്കായിക്കു പാത്രിയർക്കീസിനെപ്പോലെ മൂറോൻ കൂദാശ ചെയ്യുന്നതിനുള്ള അധികാരവും ഉണ്ടെന്നു ചന്ദ്രിക സമ്മതിക്കുമായിരിക്കുമല്ലോ. (ഹൂദായ കാനോൻ 3-ാം അ. 1-ാം പാ) കിഴക്കുള്ളവരാൽ തിരഞ്ഞെടുക്കപ്പെടുന്നതിനും അവരാൽ വാഴിക്കപ്പെടുന്നതിനും മെത്രാപ്പോലീത്തന്മാർക്കു പട്ടം കൊടുക്കുന്നതിനും, മൂറോൻ കൂദാശചെയ്യുന്നതിനും പാത്രിയർക്കീസിനെപ്പോലെതന്നെ കാതോലിക്കായ്ക്കു അധികാരമുണ്ടെങ്കിൽ പാത്രിയർക്കീസിനോടു കാതോലിക്കാ സമനാണ്—സമാധികാരമുള്ളവനാണ്—എന്നു പറയുന്നതിന്റെ അസാംഗത്യമെന്തെന്നു മനസ്സിലാകുന്നില്ല. കൂടാതെ ഭരണസംബന്ധമായി പാത്രിയർക്കീസിനു കാതോലിക്കായിടവകയിൽ യാതൊരു മേൽക്കോയ്മയുമില്ലെന്നും 369-ൽ കൂടി പാത്രിയർക്കീസിന്റെയും കാതോലിക്കായുടെയും അധികാരം ക്ലിപ്തപ്പെടുത്തിയ ക്പർത്തുത്താ സുന്നഹദോസ് നിശ്ചയങ്ങൾ സ്പഷ്ടമാക്കുന്നു. (ബാർ എബ്രായയുടെ ചരിത്രവും കാനോൻ 7-ാം അദ്ധ്യായം 1-ാം പാസ്സാക്കയും നോക്കുക). പ്രസ്തുത സുന്നഹദോസിന്റെ രണ്ടാം നിശ്ചയത്തിൽ ഇപ്രകാരം കാണുന്നു. "അന്ത്യോക്യാപാത്രിയർക്കീസ് വിളിക്കപ്പെടുമ്പോളല്ലാതെ ഭരണസംബന്ധമായി താഗ്രീസിന്റെ ഇടവകകളിലേക്കു പ്രവേശിക്കരുത് അപ്രകാരംതന്നെ മപ്രിയാനായും പാത്രിയർക്കീസിന്റെ ഇടവകകളിലേക്കും പ്രവേശിക്കരുത്." മേൽക്കോയ്മയാണോ സ്വാതന്ത്ര്യവും സമത്വവുമാണോ ഈ നിശ്ചയങ്ങളിൽ കാണുന്നതെന്നു ചന്ദ്രികതന്നെ വിധിക്കണമേ.

കാതോലിക്കായുടെ തീരുമാനത്തിന്മേൽ പാത്രിയർക്കീസിന്റെ അടുക്കൽ അപ്പീലപോലും കൊടുക്കുന്നതിനു ഈ സുന്നഹദോസ് അധികാരം വച്ചിട്ടില്ല. 8-ാം നിശ്ചയം നോക്കുക "മപ്രിയാനായാൽ മുടക്കപ്പെടുന്ന എപ്പിസ്കോപ്പാ മുടക്കപ്പെട്ടവനായി പാത്രിയർക്കീസിനാലും പരിഗണിക്കപ്പെട്ടിരിക്കണം." കാതോലിക്കായുടെ ഇടവകയിൽ ഭരണസംബന്ധമായി കാതോലിക്കാതന്നെ അവസാനത്തെ അധികാരിയാകുന്നുവെന്ന് ഈ നിശ്ചയം കാണിക്കുന്നില്ലേ? ഈ നിശ്ചയങ്ങൾ ചന്ദ്രിക അവലംബിക്കുന്ന കാനോനിൽ ഉണ്ടോ എന്ന് അറിയുന്നില്ല. ചന്ദ്രിക സത്യമായ കാനോൻ ഏതാണെന്നു സമാധാനാർത്ഥം പരിശോധിച്ചറിയണമേ

യെന്നു വിനയപുരസ്സരം വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു. പൊതുസുന്നഹദോസിൽ ഒന്നാമനായി ഇരിക്കുന്നതിനെക്കാൾ ഉപരിയായി പാത്രിയക്കീസിനു കാതോലിക്കായെക്കാൾ കൂടുതലുള്ള അധികാരങ്ങളെന്തെന്നു ചന്ദ്രികപറഞ്ഞു തരുമോ ?

കാതോലിക്കായുടെ തിരഞ്ഞെടുപ്പു്, വാഴിക്കൽ, പട്ടംകൊട, മൂറോൻകൂദാശ, ഭരണം എന്നിവയിലെല്ലാം ഇപ്രകാരം കാതോലിക്കാ പാത്രിയക്കീസിനെപ്പോലെ സ്വതന്ത്രനെങ്കിൽ ഇരുവരും സമന്മാരെന്നു പറയുന്നതിലുള്ള തെറ്റെന്തെന്നു വിനയപുരസ്സരം ചോദിച്ചുകൊള്ളുന്നു.

കാതോലിക്കായുടെ ഈദൃശമായ സ്വതന്ത്രനിലയെ സുന്നഹദോസ് നിശ്ചയങ്ങൾ ക്രമീകരിച്ചിരിക്കുമ്പോൾ സ്വാർത്ഥലോലുപന്മാരായ ചില പാത്രിയക്കീസന്മാർ അവയ്ക്കെതിരായി പ്രവർത്തിക്കുന്നതായും ദുർബ്ബലന്മാരായ കാതോലിക്കാമാർ അതിനു വിധേയരായതായും ഏതാനും സംഭവങ്ങളും ചരിത്രത്തിലുണ്ടെന്നു സമ്മതിച്ചുകൊള്ളുന്നു. എന്നാൽ ക്രമക്കേടുകൾ ഒരിക്കലും നിയമമാകുന്നില്ല. എങ്കിലും രണ്ടു വിഭാഗങ്ങളും തമ്മിൽ സമാധാനമുണ്ടാകുമ്പോൾ എല്ലാം അപ്രകാരമുള്ള അതിരുകടന്നു് അധികാരവാദങ്ങളെ നീക്കി ആദിമുതൽക്കുള്ള ഇരുസിംഹാസനങ്ങളുടെയും സ്വതന്ത്രാധികാരത്തെ സ്ഥാപിക്ക മാത്രമെ ചെയ്തിട്ടുള്ളു. സഭാചരിത്രത്തിൽ അങ്ങനെയുള്ള പല സന്ദർഭങ്ങളും വിവരിച്ചിട്ടുണ്ടു്. രണ്ടു സിംഹാസനങ്ങളും സ്വതന്ത്രമെങ്കിലും സഹോദരഭാവത്തിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധത ഇരുകൂട്ടരും പല അവസരങ്ങളിലും പ്രകടിപ്പിച്ചിട്ടുണ്ടു്. അപ്പോഴെല്ലാം അവനവന്റെ സ്വാതന്ത്ര്യത്തെ ഹനിക്കാതെയുള്ള നിശ്ചയങ്ങൾ മാത്രമെ ഇരുകൂട്ടരും ചെയ്തിട്ടുള്ളു. ബാർ എബ്രായയുടെ സഭാചരിത്രത്തിൽ അങ്ങനെയുള്ള നിശ്ചയങ്ങൾ പലതുണ്ടു് ഹുദായകാനോനിൽ കാണുന്ന ക്ഫർതൂത്തായുടെ നാലാം നിശ്ചയം ഇതിനെ ഉദാഹരിക്കുന്നു. "മപ്രിയാനാ ജീവിച്ചിരിക്കുന്നെങ്കിൽ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ പാത്രിയക്കീസ് വാഴിക്കപ്പെടരുതു്" അല്ലാത്തപക്ഷം കിഴക്കേക്കു് അവരുതന്നെ മപ്രിയാനായെ വാഴിക്കുന്നതിനു് അധികാരമുണ്ടു്. (പാത്രിയക്കീസിന്റെ അറിവുകൂടാതെ) ഈ നിശ്ചയത്തിലും അന്യോന്യം വാഴിക്കുന്ന കാര്യത്തിൽ സമാധികാരമല്ല കാണുന്നതു്. ഈ നിശ്ചയം ഇതേരൂപത്തിൽ ചന്ദ്രികയുടെ കാനോനിൽ ഉണ്ടോ എന്നു സംശയിക്കുന്നു. സത്യമായ കാനോൻ ഏതാണെന്നു് ഒരു പുനഃപരിശോധന ചെയ്യണമെന്നു സത്യത്തിന്റെ നാമത്തിൽ ചന്ദ്രികയോടു വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു

മാർ മൊറുത്തായെ തിഗ്രീസിൽ മപ്രിയാനായായി മാർ അത്താനാസ്യോസ് ഗാമോലാ നിയമിച്ചതായി ചന്ദ്രിക പറയുന്നു. ഇപ്രകാരം മാർ മിഖായേൽ റാബോ പറയുന്നുണ്ടായിരിക്കാം. എങ്കിലും അതിന്റെ സൂക്ഷ്മാവസ്ഥയെ അറിയണമെങ്കിൽ മിഖായേൽ റാബോയേക്കാൾ പണ്ഡിതനും ചരിത്രപടുവും 'കിഴക്കിന്റെയും പടിഞ്ഞാറിന്റെയും ദീപ'മെന്നു് അറിയപ്പെടുന്ന ശ്രേഷ്ഠവുമായ ബാർ എബ്രായയുടെ സഭാചരിത്രം നോക്കിയാൽ മനസ്സിലാകുന്നതാണു്. * അത്താനാസ്യോസ് ഗാമോലാ അന്ത്യോക്യാ സിംഹാസനത്തിൽ വാണിട്ടുള്ള പരമയോഗ്യനായ ഒരു പാത്രിയക്കീസായിരുന്നു. അദ്ദേഹം കിഴക്കിന്റെ അധികാരത്തെ കവർന്നെടുക്കാതെ കാതോലിക്കായെ വാഴിക്കുന്നതിനുള്ള അധികാരം കിഴക്കേക്കു തന്നെയുള്ളതായി ചൂണ്ടിക്കാണിച്ചിട്ടാണു ബാർ എബ്രായ പറയുന്നതു്. അക്കാര്യം ചന്ദ്രികയ്ക്കു് അറിയുവാൻ പാടില്ലാതെയുമില്ല. ഒന്നുകിൽ ബാർ എബ്രായ തെറ്റിയിരിക്കണം. അല്ലെങ്കിൽ മിഖായേൽ റാബോ തെറ്റിയിരിക്കണം. മിഖായേൽ റാബോയിലുള്ള ഈ പ്രസ്താവനയെ അറിയാതെകണ്ടു ബാറെബ്രായ എഴുതി എന്നു വിചാരിക്കുവാൻ തരമില്ല. രണ്ടു ചരിത്രങ്ങളും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ മിഖായേൽ റാബോയുടെ ചരിത്രവുംവച്ചുകൊണ്ടാണു ബാർ എബ്രായ എഴുതുന്നതെന്നു വിചാരിക്കാതിരിപ്പാൻ ന്യായം കാണുന്നില്ല. ചരി

* മാർ അത്താനാസ്യോസ് ഗാമോലായുടെ ചരിത്രം മലങ്കരസഭയുടെ 1-ാംപുസ്തകം 4-ാംലക്കം 5-ാംപേജിൽ കാണുക.

ത്രമെഴുതുന്ന ഒരാൾ അതിനു മുമ്പുള്ള ചരിത്രം ആരായാതെ എഴുതുവാൻ വഴിയുമില്ല അതിനാൽ ഈഭാഗത്തോ അതുപോലെതന്നെ മറ്റു ചിലടത്തും കാണുന്ന വ്യത്യാസം ബാറെബ്രായ അറിഞ്ഞുകൊണ്ടു വരുത്തിയിട്ടുള്ളതാണെന്നും അതു മിഖായേൽ റാബാപോലെയുള്ള മുൻചരിത്രങ്ങളിൽ വന്നുപോയിട്ടുള്ള തെറ്റുകളെ കൂടുതൽ ചരിത്രാന്വേഷണഫലമായി തിരുത്തുവാനായിരുന്നു എന്നും വിചാരിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ബാർഎബ്രായ കരുതിക്കൂട്ടി കള്ളമെഴുതിയെന്നും ഒരു ചരിത്രകാരനെന്ന നിലയിൽ അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ചോദ്യംചെയ്യേണ്ടിയിരിക്കുന്നുഎന്നും വന്നുകൂട്ടും. അഥവാ ഗാമോലോ അങ്ങനെ നിയമിച്ചെങ്കിൽ തന്നെ അതു കിഴക്കും പടിഞ്ഞാറുമായുള്ള ഉടമ്പടിക്കു വിരുദ്ധവും അതിരു കടന്നപ്രവൃത്തിയുമായിരുന്നു അനധികൃതമായ പ്രവൃത്തികൾ നിയമങ്ങളാകയില്ലല്ലൊ. എന്നാൽ ഗാമോലാ അങ്ങനെ പ്രവർത്തിച്ചിട്ടില്ലെന്നു് അനന്തരചരിത്രങ്ങളിൽനിന്നും കാണാവുന്നതാണു്. മിഖായേൽ റാബായിൽ പറയുന്നപ്രകാരമായിരുന്നു വസ്തുതയെങ്കിൽ ഗാമോലായുടെ അടുത്ത രണ്ടാം പിൻഗാമിയായ തേവോദോറോസ് പാത്രിയർക്കീസ്, ഹബശ്ശു (അബിസീനിയാ)കാർക്കു അലക്സന്ത്ര്യാ പാത്രിയർക്കീസ് മെത്രാപ്പോലീത്തായെ വാഴിക്കുന്നപോലെ അന്ത്യോക്യാ പാത്രിയർക്കീസ് കിഴക്കിന്റെ കാതോലിക്കായെ വാഴിക്കണമെന്നു മോഹിക്കയില്ലായിരുന്നു കീഴ്നടപ്പു മിഖായേൽ റാബായിൽ കാണുന്നപ്രകാരമെങ്കിൽ ഈ മോഹത്തിന്റെ ആവശ്യമില്ലല്ലൊ. തേവോദോറോസിന്റെ ഈ മോഹം ഒരു കലഹത്തിനു കാരണമാകയും പാത്രിയർക്കീസിനെ കൂടാതെ മഫ്രിയാനായും മഫ്രിയാനായെ കൂടാതെ പാത്രിയർക്കീസും വാഴിക്കപ്പെടരുതെന്നുള്ള ഒരു ഉടമ്പടിപ്രകാരം സഭയിൽ സമാധാനമുണ്ടാകയും ചെയ്തു. (ബാർ എബ്രായയുടെ സഭാചരിത്രം കാണുക.)

പിന്നീടു ചന്ദ്രിക പറയുന്നതു് ഏകദേശം ഒരു നൂറ്റാണ്ടിനു മുമ്പു കാതോലിക്കാസിംഹാസനം സുന്നഹദോസുകൂടി നിർത്തൽചെയ്തു എന്നാണു്. ഇതു മാർ യൂലിയോസിന്റെ കൃത്രിമബുദ്ധിയിൽ ഉണ്ടായിട്ടുള്ള ഒരു സങ്കല്പ സുന്നഹദോസാണെന്നു പരക്കെ ബോധ്യമായിട്ടുള്ള കാര്യമാണു്. അതെടുത്തു ചന്ദ്രിക അതിന്റെ വീഥിയെ മലീമസമാക്കേണ്ടതില്ലായിരുന്നു. വി: പത്രോസ് പാത്രിയർക്കീസ് ഈ സുന്നഹദോസിനെപ്പറ്റി അറിഞ്ഞിരുന്നില്ലെന്നു് അദ്ദേഹത്തിന്റെ എഴുത്തിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്. കാതോലിക്കാ ഇല്ലാത്തതിനാൽ മാർ ബസ്സേലിയോസിന്റെ പേരു തുബ്ദേനിൽനിന്നു നീക്കണമെന്നു മലങ്കര മല്പാനായിരുന്ന കോനാട്ടു മാത്തൻ മല്പാൻ എഴുതി അയച്ചപ്പോൾ നീക്കുവാൻ പാടില്ലെന്നും പിതാക്കന്മാരുടെ നിശ്ചയത്തെ മാറ്റിക്കൂടാ എന്നും കാതോലിക്കാ ഇപ്പോൾ ഇല്ലെങ്കിലും പിന്നീടു് ഉണ്ടായിക്കൊള്ളുമെന്നും ആകയാൽ തുബ്ദേനിൽ ആ പേരു് ഓർക്കേണ്ടതാണെന്നുമത്രെ അദ്ദേഹം മറുപടി കൊടുത്തതു്. സുന്നഹദോസുകൂടി സിംഹാസനം നീക്കി നിശ്ചയം ചെയ്തിരുന്നെങ്കിൽ അദ്ദേഹം അക്കാര്യം സൂചിപ്പിക്കുമായിരുന്നു. വി: അബ്ദൽമിശിഹാ പാത്രിയർക്കീസും സുന്നഹദോസിന്റെ കാര്യമൊന്നും പറയുന്നില്ല കൂടാതെ അദ്ദേഹത്തിന്റെ സഹകരണത്തിലല്ലൊ മലങ്കരയിൽ കാതോലിക്കാസിംഹാസനമുണ്ടായതു്. മാർ അബ്ദുള്ളാ, മാർ ഏലിയാസ, മാർ അപ്രേം എന്നീ പാത്രിയർക്കീസന്മാരും ഇപ്രകാരം ഒരു സുന്നഹദോസ് ഉണ്ടായതായി അറിഞ്ഞിരുന്നില്ല മാർ അപ്രേം പാത്രിയർക്കീസ് എഴുതിയിട്ടുള്ള അറബിസഭാചരിത്രത്തിൽ കൊടുത്തിരിക്കുന്ന സുന്നഹദോസ് പട്ടികയിൽ ഇങ്ങനെ ഒരു സുന്നഹദോസിന്റെ കാര്യമേ പറയുന്നില്ല. ഈദൃശ കാരണങ്ങളാൽ അതൊരു കൃത്രിമ സുന്നഹദോസ് എന്നല്ലാതെ വിചാരിപ്പാൻ തരമില്ല ഈ പഴഞ്ചൻ ന്യായങ്ങൾ സമാധാനാലോചനകൾ നടത്തപ്പെടുന്ന ഇക്കാലത്തു് എടുത്തുപയോഗിക്കുന്നതിനു 'ചന്ദ്രിക' മടി കാണിക്കാത്തതു് അത്ഭുതമായിരിക്കുന്നു.

ഇനിയും പറയാനുള്ളതു് അഞ്ചാംസിംഹാസനത്തെപ്പറ്റിയാണു്. ഊർശ്ലേം മെത്രാപ്പോലീത്തായെ അഞ്ചാം പാത്രിയർക്കീസിന്റെ ബഹുമാനത്തിൽ സ്വീകരിച്ചതായി നിഖ്യാവിധിയായിട്ടു കാനോനിൽ പറയുന്നുണ്ടെന്നുള്ള കാര്യം വാസ്തവമാണു്. എന്നാൽ കാതോലി

ക്കായുടെ സിംഹാസനം ഊർശ്ലേം പാത്രിയർക്കീസിന്റെ സിംഹാസനത്തോടൊപ്പമായിരിക്കണമെന്നു കാനോനിൽതന്നെ പറഞ്ഞിട്ടുള്ള കാര്യം വിസ്മരിച്ചുകളയരുതു്. അഥവാ അഞ്ചാം പാത്രിയർക്കീസിന്റെ ബഹുമാനംതന്നെയാണു കാതോലിക്കാസിംഹാസനത്തിനും നൽകിയതു്. എന്നാൽ കിഴക്കും പടിഞ്ഞാറുമുള്ള യാക്കോബായക്കാരുടെ ഉടമ്പടിമൂലം ക്ഫർത്തൂത്താ സുന്നഹദോസിന്റെ കാലമായപ്പോഴേക്കു (9-ാം നൂറ്റാണ്ടു്) ആ നിലയിൽനിന്നു സിംഹാസനമുയരുകയും അന്ത്യോഖ്യാപാത്രിയർക്കീസിന്റെ വലത്തുഭാഗത്തു സമനിലയിൽ ഒന്നാമത്തെ സ്ഥാനം കരസ്ഥമാക്കുകയും ചെയ്തതായി കാനോനിൽ സൂചനയുണ്ടു്. (ക്ഫർത്തൂത്താ 3-ാം നിശ്ചയം നോക്കുക) ഊർശ്ലേമിനു് അഞ്ചാംപാത്രിയർക്കീസിന്റെ ബഹുമാനം മാത്രമാണു സിദ്ധിച്ചതു്. എങ്കിലും അദ്ദേഹം കൈസറിയായുടെ മെത്രാപ്പോലീത്തായുടെ കീഴിൽ ഒരു എപ്പിസ്കോപ്പായ്ക്കുള്ള അധികാരത്തോടുകൂടി മാത്രമാണു് ഇരുന്നിരുന്നതു്. എന്നാൽ കാതോലിക്കായ്ക്കാകട്ടെ പാത്രിയർക്കീസ് എന്ന നിലയിലുള്ള ബഹുമാനവും അധികാരങ്ങളും സിദ്ധിച്ചിരുന്നു. അതിനാൽ അഞ്ചാംസ്ഥാനം കാതോലിക്കാസിനു സിദ്ധിച്ചതായും ഊർശ്ലേം പാത്രിയർക്കീസ് അഞ്ചാംസിംഹാസനത്തിൽനിന്നു താണതായും വിചാരിക്കേണ്ടിയിരിക്കുന്നു. ഇതനുസരിച്ചാണു തുബദേനിൽ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ പേരു കഴിഞ്ഞാലുടൻ കാതോലിക്കാ പാത്രിയർക്കീസിന്റെ പേരും പിന്നീടു് ഊർശ്ലേം പാത്രിയർക്കീസിന്റെ പേരും പറഞ്ഞിരിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കാതോലിക്കാ ഊർശ്ലേം പാത്രിയർക്കീസിനെക്കാൾ താണവനെങ്കിൽ അദ്ദേഹത്തിന്റെ പേരിനു ശേഷം കാതോലിക്കായുടെ പേരു പറയേണ്ടതായിരുന്നുവെന്നുള്ളതു വ്യക്തമാണല്ലൊ. പാത്രിയർക്കീസിന്റെ സമനിലയിൽ വലത്തുഭാഗത്തു് ഒന്നാംസ്ഥാനം കാതോലിക്കായിക്കു നിശ്ചയിച്ചിരിക്കുന്നതിനാൽ അവർ അധികാരത്തിലും ബഹുമാനത്തിലും സമന്മാരെങ്കിലും ഒരുമിച്ചു വരുമ്പോൾ പ്രഥമസ്ഥാനം പാത്രിയർക്കീസിനാണെന്നല്ലാതെ കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴിലാണെന്നു വ്യാഖ്യാനിക്കുന്നതു ശരിയല്ല. കീഴിലായിരുന്നുവെങ്കിൽ സമനിലയിലല്ല പ്രത്യുത, താണനിലയിൽ സിംഹാസനം ക്രമീകരിക്കേണ്ടതായിരുന്നു. മേൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം വി. തുബദേനിൽ പാത്രിയർക്കീസ് എന്ന പേരിൽതന്നെ കാതോലിക്കാ പ്രഖ്യാപനം ചെയ്യപ്പെടുകയും ചെയ്യുന്നു എന്ന വസ്തുതയും ഇവിടെ സ്മരണീയമാണു്.

3) ഓർത്തഡോക്സ് ഭരണഘടനയുടെ ഒന്നാംവകുപ്പിൽ പാത്രിയർക്കീസിനെ പ്രധാന മേലദ്ധ്യക്ഷൻ എന്നു പറഞ്ഞിരിക്കുന്നതു മേൽ കാണിച്ച അർത്ഥത്തിലാകുന്നുവെന്നു ചന്ദ്രിക ധരിച്ചിരിക്കേണ്ടതാണു്. പൊതുവായി വിചാരിക്കപ്പെടുന്ന അവസരത്തിൽ രണ്ടു മേലദ്ധ്യക്ഷന്മാരിലുംവച്ചു പ്രഥമൻ പാത്രിയർക്കീസാണെന്നു മാത്രമെ ഞങ്ങൾ അതിനു് അർത്ഥം കൊടുത്തിട്ടുള്ളു. മറ്റൊരു വ്യാഖ്യാനം കൊടുക്കത്തക്കവണ്ണം ഘടനയിൽ ഒന്നുമില്ലെന്നു ഘടന മുഴുവനായി വായിക്കുമ്പോൾ സ്പഷ്ടമാകുന്നതാണു്.

4) പട്ടംകൊട പുസ്തകത്തിന്റെ കാര്യമാണു പിന്നീടുള്ളതു്. മലങ്കരയിൽ നിലവിലിരിക്കുന്ന പട്ടംകൊട പുസ്തകമെല്ലാം അന്ത്യോഖ്യായിൽ ഉപയോഗിച്ചുകൊണ്ടിരുന്നിട്ടുള്ളതും പാത്രിയർക്കീസന്മാരും അവരുടെ പ്രതിനിധികളും കൊണ്ടുവന്നിട്ടുള്ളവയുമാണെന്നു പ്രത്യക്ഷമാണല്ലൊ. അതിനാൽ അവയിൽ "അന്ത്യോഖ്യാ സിംഹാസനത്തിന്റെ അധികാരത്തിൻകീഴിലുള്ളതു്" എന്നു വിവരിച്ചിരിക്കുന്നതിനു അത്ഭുതമില്ല. കോതമംഗലത്തെ ബാവായുടെ പട്ടംകൊടപുസ്തകം ചന്ദ്രികയുടെ കൈവശമുള്ളതിനെപ്പറ്റി എന്താണു പറയേണ്ടതു്!! അതു കാതോലിക്കാ ഇടവകയിൽ ഉപയോഗിച്ചിരുന്നതാണോയെന്നും പടിഞ്ഞാറൻ പ്രദേശത്തു് എഴുതിയതാണോയെന്നും, കോതമംഗലത്തു കബറടങ്ങിയ ബാവാതന്നെ കൊണ്ടുവന്നതാണോയെന്നും ഒരു പുനഃപരിശോധന നടത്തുന്നതു കൊള്ളാം. വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു പട്ടംകൊടുക്കുമ്പോൾ "അന്ത്യോഖ്യാസിംഹാസനത്തിന്റെ അധികാരത്തിൻ

കീഴിലുള്ള" എന്നല്ല പറയുന്നതെന്നുള്ള കാര്യവും വ്യക്തമാക്കിക്കൊള്ളുന്നു.

"പാത്രിയർക്കാസ്ഥാനാഭിഷേകത്തിനു മാത്രമുള്ള മൂന്നു പ്രത്യേകതകൾ" പർവ്വതീകരിച്ചു പറയേണ്ടതുണ്ടെന്നു തോന്നുന്നില്ല. തന്മൂലം എന്തെങ്കിലും പ്രത്യേക അധികാരങ്ങൾ പാത്രിയർക്കീസിനു കാതോലിക്കായുടെമേൽ ലഭിക്കുന്നതായി കാണിക്കുവാൻ രേഖയില്ല കൂടാതെ കിഴക്കിന്റെ പൊതുതലവനായ കാതോലിക്കായും വാഴിക്കപ്പെടുമ്പോൾ ഈ മൂന്നു കാര്യങ്ങളും നടത്തപ്പെടുന്നുണ്ടെന്നുള്ള വസ്തുത ഓർത്തിരിക്കേണ്ടതാണ്. എന്തെന്നാൽ കാതോലിക്കായും പാത്രിയർക്കീസ് എന്നു വിളിക്കപ്പെടുന്നവനും (തുബദൻ കാണുക) പാത്രിയർക്കീസിന്റെ അധികാരമുള്ളവനുമാകുന്നു

'ഇടക്കാലത്തു നമുക്കുണ്ടായ ചില ബലഹീനതകൾമൂലം അന്ത്യോക്യാ പാത്രിയർക്കീസുമായി ചില കരാറുകൾ ഉണ്ടാക്കി എന്നുമാത്രം' ഈ പ്രസ്താവനയും അടിസ്ഥാനരഹിതമായി ചന്ദ്രിക വിചാരിക്കുന്നു. മലങ്കരസഭാചരിത്രം ആദ്യന്തം നിർമ്മത്സരബുദ്ധ്യാ വായിച്ചാൽ ആ പ്രസ്താവനയുടെ യാഥാർത്ഥ്യം മനസ്സിലാകുന്നതാണ്. അന്ത്യോക്യാ പാത്രിയർക്കീസുമായിട്ടു മാത്രമല്ല. മററു സഭാകേന്ദ്രങ്ങളുമായി പ്രയാസങ്ങളിൽ കരാർ ചെയ്തിട്ടുള്ളതായി ചരിത്രം കാണിക്കുന്നുണ്ട്.

"ചന്ദ്രിക"യുടെ വിമർശന വിഷയമായ വി. കാതോലിക്കാബാവാ തിരുമനസ്സിലെ "പരുമലപ്രസംഗത്തിൽ വി. പിതാവു കല്പിച്ച പ്രകാരം കാതോലിക്കാസിംഹാസനവും പാത്രിയർക്കാസിംഹാസനവും സമമാണെന്നുള്ള യാഥാർത്ഥ്യം—എങ്ങനെ സമാധാനസംരംഭങ്ങളെ അലങ്കോലപ്പെടുത്തുമെന്ന് എത്ര ആലോചിച്ചിട്ടും ഞങ്ങൾക്കു മനസ്സിലാകുന്നില്ല. തിരുമനസ്സുകൊണ്ടാകട്ടെ സഭാസമാധാനത്തിനുവേണ്ടി എന്തു ത്യാഗവും അനുഷ്ഠിക്കുന്നതിനും വേണ്ടി വന്നാൽ തന്റെ സ്ഥാനാധികാരാവകാശങ്ങളെ കൂടെ വിട്ടു പിൻമാറുന്നതിനു സന്നദ്ധമാണെന്നും ഈ "പരുമലപ്രസംഗ"ത്തിൽവച്ചുതന്നെ പ്രസ്താവിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും ഈ അവസരത്തിൽ സ്മരണീയമാണ്. തിരുമനസ്സിലെ "പരുമലപ്രസംഗം" സമാധാനത്തിനുവേണ്ടി ഉററു ശ്രമിക്കുന്ന നിസ്വാർത്ഥമതികളായ യുവജനങ്ങൾക്കു മാർഗ്ഗദർശകവും പ്രചോദനപ്രദവുമായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

വി. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രസ്താവനകൾ സമാധാനത്തിനു തടസ്സമായി നിൽക്കുന്നു എന്നു പറയുന്ന 'ചന്ദ്രിക' സത്യത്തിനെതിരായുള്ള അതിന്റെ ഈ ദുർവിമർശനങ്ങൾ എത്രകണ്ടു സമാധാനത്തിനു യോജിച്ചതാണെന്നു ചിന്തിക്കുന്നതു നല്ലതാണ്.

വൃദ്ധൻ പത്രൂസ്, കാതോലിക്കാനാമധാരി, കാതോലിക്കാവേഷധാരി, എന്നിങ്ങനെ പാത്രിയർക്കീസ് ഭാഗത്തിനു സഹജമായിട്ടുള്ള സംബോധനാരീതി വിട്ടിട്ട് കാതോലിക്കോസ്, ബഹുമാന്യനായ കാതോലിക്കോസ്, ബഹുമാന്യനായ കാതോലിക്കാബാവാ, തിരുമേനി എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ ചെയ്യുന്നതിനുള്ള സംസ്കാരവും ഔചിത്യവും പാത്രിയർക്കീസ്ഭാഗത്തെ സാഹിത്യസംരംഭങ്ങളിൽ ചെയ്തു ചന്ദ്രിക ഇദംപ്രഥമമായി സ്വീകരിക്കുന്നതിനിടയായതിൽ 'ചന്ദ്രിക'യെ അനുമോദിച്ചുകൊള്ളുന്നു. ഇപ്രകാരമുള്ള രീതികൾ അവലംബിക്കുന്നെങ്കിൽ സമാധാനത്തിനു വലിയ കാലതാമസമുണ്ടാകുകയില്ല. ഇങ്ങനെയുള്ള സമാധാനബുദ്ധി കാണിക്കുന്നതിനോടൊപ്പം ഞങ്ങൾ പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ സത്യാവസ്ഥ—ഞങ്ങളുടെ ഭാഗത്തോടുള്ള വൈരാഗ്യം വിട്ടിട്ട്—നിഷ്പക്ഷബുദ്ധ്യാ പര്യാലോചിക്കണമെന്ന് ചന്ദ്രികയെ ഓർപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

കോലാലമ്പൂർ. 15—11—49.

മലയായിലേക്കു നിയമിതനായ ബ. ശ്രീ. പുലിത്തിട്ട അബ്രഹാം കത്തനാർ അവർകൾ കഴിഞ്ഞ തുലാം 4-ാംതീയതി നാട്ടിൽ നിന്നും പുറപ്പെട്ടു. അദ്ദേഹം കോലലമ്പൂർ വൈ. എം. സി. ഏയിൽ താമസിച്ചുവരുന്നു. അദ്ദേഹം അടുത്തുതന്നെ സിംഗപ്പൂർ ബിഷപ്പിനെ സന്ദർശിക്കുന്നതാണെന്നറിയുന്നു.

സെമിനാരിസ്ഥാപകന്റെ പെരുന്നാൾ.

കോട്ടയം പഴയസെമിനാരിസ്ഥാപകൻ മാർ ദീവന്നാസ്യോസ് രണ്ടാമന്റെ പെരുന്നാൾ വൃശ്ചികമാസം 10-ാംതീയതി (സൂറിയാനിക്കണക്കിനു 12) പഴയസെമിനാരിയിൽവച്ച് ആഘോഷപൂർവ്വം കൊണ്ടാടപ്പെട്ടു.

*പോകാം മുന്നോട്ടേകയോഗമായ്.

(സാഹിത്യവിശാരദ് എം. സി. ഡേവിഡ്, കൈപ്പട്ടൂർ)

(എന്താണമ്മേ വഞ്ചിമാതാവേ! എന്ന രീതി)

കർമ്മസാക്ഷിസുവർണ്ണകരങ്ങൾ—ഭുവി-
ലംശുവാം വ്യാജേന—ഏറ്റെയേറ്റെത്തുകിലസിക്കേ
വെൺമേഘങ്ങൾ ദ്യോവിൽ കൂട്ടമായ്—ദൂഷ്ടം
മർത്ത്യകലഹത്തെ—നോക്കിനോക്കി നിന്നു ഹസിക്കേ
ചില്ലിതോറും തത്തിക്കളിക്കും—പക്ഷി-
ജാലങ്ങൾ സ്നേഹത്തിൻ—മാറ്റുപാടിപ്പാടിവസിക്കേ.
മന്ദവാതം പുഷ്പസൗരഭ്യം—പേറി
ദാനത്തിൻ മൂർത്തിയായ്—ദിക്കിലെങ്ങും തോഷാൽ ചരിക്കേ
മലങ്കരസ്സഭാമാതാവിൻ—ഓമൽ
സന്താനസഞ്ചയം—രണ്ടുപക്ഷമായിത്തിരിഞ്ഞു
തമ്മിൽക്കുത്തും കക്ഷിവഴക്കും—കൊണ്ടു
താന്താൻ നശിപ്പൂ—കാണാൻ കണ്ണുതിണ്ണം തുറപ്പിൻ.
ജ്യേഷ്ഠാനുജർ രണ്ടുചേരിയായ്—താണ്ടും
മത്സരസാഗരം—തന്നിൽ മുങ്ങിപ്പൊങ്ങിവലഞ്ഞു
നീചവ്യവഹാരമുൽഗരം—സഭാ-
മാതാവിൻ ഗാത്രത്തി—ലേററിനമ്മേ വ്രണം നിറച്ചു.
ദുഃഖമോടെയെറെസ്സോദരർ—മാതൃ
ത്യാഗത്തിലേപ്പെടാൻ—കാരണക്കാർ നമ്മളായല്ലോ.
ദിവ്യദീപമിങ്ങുകൊളുത്തി—മേവും
മർത്തോമ്മാശ്ലീഹായോ—ശോകസിന്ധുതന്നിൽ മുങ്ങുന്നു.
ഗീവറുഗീസ് പുണ്യനിന്നിതിൽ—ഏററം
വൈവശ്യചിത്തനായ്—യോജിപ്പകാൻ മുട്ടിപ്രാർത്ഥിപ്പൂ.
ക്രിസ്തുനാഥാ! താവകാനുഗർ—ഞങ്ങൾ
ക്രൈസ്തവനീതിയെ—വിട്ടു കാടുകേറിസ്സരിച്ചു.
ധർമ്മം, നീതി, സ്നേഹമാദിയെ—ത്തള്ളി
ശർമ്മവിഹീനമാം—കർമ്മം നിരന്തരം ചെയ്തുപോയ്.
ജഡ്ജിമാരിൽ ജഡ്ജിയങ്ങയെ—ക്കാളും
നീതിനിപുണനാം—ജഡ്ജി ഭുവിൽ വേറെയാരാവോ?
രാജരാജൻ ഭവാൻ തിട്ടമായ്—തുല്യാ
ചാർത്താതെയതൊരു—മർത്ത്യവിധിലോകേ നടക്കും.
വട്ടിപ്പുണമാകുംഫണിതൻ—ക്രൂര
ദംശനമേററയ്യോ—ഞങ്ങളെല്ലാം മോഹവശരായ്
വൈദ്യന്മാർക്ക് വൈദ്യനാകുന്ന—ഭവാൻ
ദൃഷ്ടിയാം പീയൂഷം—വേഗം വർഷിച്ചിന്നുരക്ഷിക്കേ.
മുട്ടുന്നോർക്ക് വാതിൽ തുറക്കു—മെന്നു
സ്പഷ്ടമായ് ചൊല്ലിയ—നാഥാ! പാദേവീണു കേഴുന്നു.

വിമർശനവീഥി

"അന്ത്യോക്യാപ്രതിനിധിയുടെ പ്രസ്താവന."

ഒരു പത്രപ്രതിനിധി അന്ത്യോക്യാപ്രതിനിധി മാർ യൂലിയോസ് മെത്രാപ്പോലീത്തായുമായി നടത്തിയ അഭിമുഖസംഭാഷണത്തിൽ അന്ത്യോക്യാപ്രതിനിധി ചെയ്ത പ്രസ്താവന "സഭാസമാധാനശ്രമം" എന്ന ശീർഷകത്തിൽ 125 തുലാം 26-ാംതീയതിയിലത്തെ "കേരളഭൂഷണ"ത്തിൽ ചേർത്തിട്ടുള്ളതിൽ ഒരു ഭാഗം ചുവടേ ചേർക്കുന്നു:—

"തിരുമനസ്സിലെ സഭാസമാധാനാലോചനകളെക്കുറിച്ചു ശുഭാപ്തിവിശ്വാസംതന്നെയാണ് ഉള്ളതെന്നു മനസ്സിലാക്കട്ടെയോ എന്നു ഞാൻ ചോദിച്ചതിന് അതിനുള്ള മാർഗ്ഗങ്ങൾ മുഴുവൻ തെളിഞ്ഞുകാണുന്നില്ലല്ലോ എന്നായിരുന്നു തിരുമേനിയുടെ മറുപടി. തുടർന്നു കാതോലിക്കാപക്ഷക്കാർ യവനായ ഓർത്തഡോക്സ് സഭയുമായി സംഘടിക്കുന്നതിനുള്ള ആലോചന നടന്നുവരുന്നുണ്ടെന്നും അതിനുവേണ്ടി പീററർ രാജകുമാരന്റെ പത്നി പരിശ്രമിച്ചുകൊണ്ടിരിക്കുന്നതായി ശീമയിൽനിന്നു തനിക്ക് അറിവുലഭിച്ചിട്ടുണ്ടെന്നും തന്മൂലം കോട്ടയം സമ്മേളനതീരുമാനപ്രകാരമുള്ള സമാധാനോദ്യമങ്ങളുടെ സാദ്ധ്യത ആശങ്കാജനകമായിരിക്കുന്നു എന്നും തിരുമേനി വെളിപ്പെടുത്തി.

"ഇതുകേട്ട് അത്ഭുതാധീനനായിത്തീർന്ന ഞങ്ങളുടെ പ്രതിനിധി മലങ്കര സുറിയാനിസഭയുടെ യോജിപ്പിനുള്ള പരിശ്രമങ്ങളിൽ സർവ്വാത്മനാ നേതൃത്വം വഹിക്കാമെന്നു പീററർ രാജകുമാരൻ വാഗ്ദത്തംചെയ്തിട്ടുള്ള നിലയ്ക്ക് അദ്ദേഹത്തിന്റെ പത്നി അതിനു വിപരീതമായി കാതോലിക്കാപക്ഷക്കാരെ സ്വസമുദായമായ യവനായ ഓർത്തഡോക്സ് സഭയുമായി സംയോജിപ്പിക്കുന്നതിനുള്ള സംരംഭങ്ങളിൽ ഏർപ്പെട്ടെന്നു കരുതുന്നത് അശേഷം വിശ്വസനീയമല്ലല്ലോ എന്നു പറഞ്ഞപ്പോൾ, അടുത്ത സമയത്ത് ആ സത്യങ്ങൾ വെളിപ്പെടുകയും വസ്തുതകൾ ലോകം ഗ്രഹിക്കുകയും ചെയ്തുകൊള്ളും എന്നായിരുന്നു തിരുമേനി നൽകിയ മറുപടി.

"സഭാ സമാധാനാലോചനകൾക്കായിട്ടുള്ള മേല്പട്ടക്കാരുടെ സമ്മേളനത്തിൽ തിരുമേനി സംബന്ധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നുള്ള ചോദ്യത്തിനു സ്വദേശി മേല്പട്ടക്കാർമാത്രം ചേർന്ന് ആലോചന നടത്തുന്നതാണല്ലോ അഭിലഷണീയമായിട്ടുള്ളതെന്നും താൻ പാത്രിയർക്കീസ് പ്രതിനിധി ആയിരിക്കുന്ന നിലയ്ക്കു കൂടിയാലോചനാ സമ്മേളനത്തിൽ പങ്കെടുക്കുവാൻ വിചാരിക്കുന്നില്ല എന്നുമത്രെ മറുപടി നൽകിയത്."

സഭാസമാധാനത്തിനുവേണ്ടി മലങ്കരസഭയിലെ ഇരുപക്ഷത്തേയും യുവജനങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുകയും നിസ്വാർത്ഥമായി പ്രവർത്തിക്കുകയുംചെയ്തുകൊണ്ടിരിക്കുന്ന ഈ

ഐകമത്യമാകും വാതിലിൽ—ഞങ്ങ-
ളൊത്തിതാ മുട്ടുന്നു-ചേലിലുൾപ്രവേശം നൽകേണം,
കക്ഷിഭേദസ്സാത്താൻ നീറട്ടെ—ഇന്നു
സത്യസ്സഭയുടെ-മോക്ഷദിനമായിത്തീരട്ടെ!
ദൈവപുത്രൻ ലോകേ കാട്ടിയ—ദിവ്യ
സ്നേഹത്തിൻ തേജസ്സിൽ-പോകാംമുന്നോട്ടേകയോഗമായ്.

* സമാധാനസമ്മേളനങ്ങളിൽ ഈ കവിത ഉപയോഗിക്കാവുന്നതാണ്. (മ.സ.പ.)

വാർത്തകളും കുറിപ്പുകളും

പരുമലപ്പെരുനാൾ.

തുലാമാസം 16-ഉം 17-ഉം തീയതികളിൽ പരിശുദ്ധനായ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുനാൾ സാഘോഷമായും ഭക്തിനിർഭരമായും ആഘോഷിക്കപ്പെട്ടു. 17-ാംതീയതി രാവിലെ 5.30-ന ഫാദർ ജാക്സൻ ആദ്യത്തെ

അവസരത്തിൽ അന്ത്യോക്യാപ്രതിനിധി മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ മേൽവിവരിച്ച പ്രസ്താവന തികച്ചും നിർഭാഗ്യകരമായിപ്പോയി എന്നു പ്രസ്താവിക്കേണ്ടിവന്നതിൽ ഞങ്ങൾക്കു ഖേദമുണ്ടു്. ഒരു പത്രപ്രതിനിധിയുമായി നടത്തിയ അഭിമുഖസംഭാഷണത്തിലത്രെ അദ്ദേഹം ഈ പ്രസ്താവന ചെയ്തതു്. ആയതു് ഇതുവരെ നിഷേധിക്കപ്പെട്ടിട്ടുമില്ല.

കാതോലിക്കാപക്ഷക്കാർ യവനായ ഓർത്തഡോക്സ് സഭയുമായി സംഘടിക്കുന്നതിനുള്ള ആലോചന നടന്നുവരുന്നുണ്ടെന്നും അതിനുവേണ്ടി പീററർ രാജകുമാരന്റെ പത്നി പരിശ്രമിച്ചുകൊണ്ടിരിക്കുന്നതായി ശീമയിൽനിന്നു് അദ്ദേഹത്തിനു് അറിവുലഭിച്ചിട്ടുണ്ടെന്നും പ്രസ്താവിക്കുന്നു. വി: കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടോ ശേഷം വന്ദ്യ തിരുമേനിമാരോ അറിയുകയോ ആലോചിക്കുകയോ ചെയ്തിട്ടില്ലാത്ത ഒരു സംഗതി അന്ത്യോക്യാപ്രതിനിധിക്കു ശീമയിൽനിന്നു ലഭിച്ചിരിക്കുന്നപോലും! കോട്ടയം പുത്തനങ്ങാടി സെൻറ്തോമ്മാസ് നഗറിൽ സമ്മേളിച്ച സമാധാനസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ടു്—മലങ്കരസഭയുടെ സമാധാനത്തിനു തന്റെ സർവ്വ കഴിവുകളും അങ്ങേയററംവരെ വിനിയോഗിക്കുന്നതാണെന്നു് അസന്നിഗ്ദ്ധമായ ഭാഷയിൽ ബഹുമാന്യനായ പീററർ രാജകുമാരൻ വാഗ്ദാനം ചെയ്തിട്ടുള്ളപ്പോൾ അദ്ദേഹത്തിന്റെ പത്നി കാതോലിക്കാ കക്ഷിയേയും യവനായ സഭയേയും തമ്മിൽ സംഘടിപ്പിക്കാൻ ശ്രമിക്കുന്നു എന്നുള്ള ബഹുമാന്യനായ അന്ത്യോക്യാപ്രതിനിധിയുടെ പ്രസ്താവന വിചിത്രമായിരിക്കുന്നു. പത്രപ്രതിനിധിക്കുപോലും അവിശ്വസനീയമായിരുന്ന ഈ പ്രസ്താവന അയഥാർത്ഥമല്ല എന്നു തെളിയിക്കുവാൻ ഞങ്ങൾ അദ്ദേഹത്തോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു. പ്രസ്താവനയിൽ താൻ വട്ടമേശസമ്മേളനത്തിൽ പങ്കുകൊള്ളുവാൻ ഉദ്ദേശിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടല്ലൊ.

ഉഭയപക്ഷത്തേയും വന്ദ്യ തിരുമേനിമാർ എല്ലാവരുംകൂടി ഒരു മേശയ്ക്കു ചുററുമിരുന്നു നമ്മുടെ കർത്താവിന്റെ ശരീരവും അവരുടെ സർവ്വസ്വവുമായ വി. സഭയുടെ പുരോഗമനത്തെപ്പററി ചിന്തിക്കുമ്പോൾ സമാധാനത്തിന്റെ വാതിലുകൾ അവരുടെ മുമ്പിൽ താനേ തുറക്കപ്പെടുകയും അങ്ങനെ നമുക്കു് ഒരു നല്ലകാലം വരുകയും ചെയ്യുമെന്നത്രെ ഞങ്ങൾ പ്രതീക്ഷിക്കുന്നതു്. എന്നാൽ മാർ യൂലിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തിന്റെ വൈമനസ്യം ഇതാ വ്യക്തമാക്കിക്കഴിഞ്ഞു. മാർ അത്താനാസ്യോസ് തിരുമേനിയും വട്ടമേശസമ്മേളനത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നാണു ഞങ്ങൾക്കു ലഭിച്ചിട്ടുള്ള വിശ്വാസയോഗ്യമായ വിവരങ്ങളിൽനിന്നും മനസ്സിലാകുന്നതു. എന്നാൽ വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടും തിരുമനസ്സിലെ നേതൃത്വത്തിലുള്ള തിരുമേനിമാരും വട്ടമേശസമ്മേളനത്തിൽസംബന്ധിക്കുന്നതിനുള്ള തങ്ങളുടെ സന്നദ്ധതയെ ഇതിനകം വ്യക്തമാക്കിയിട്ടുണ്ടെന്നു മാത്രമല്ല, കഴിഞ്ഞ തുലാമാസം 18-ാംതീയതി പരുമല സിമ്മനാരിയിൽ സമ്മേളിച്ച എപ്പിസ്കോപ്പൽ സുന്നഹദോസിൽവച്ചു വട്ടമേശസമ്മേളനത്തിൽ സംബന്ധിക്കേണ്ടതാണെന്നു് ഐകകണ്ഠ്യമായി നിശ്ചയം പാസ്സാക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ പാത്രിയർക്കീസ് കക്ഷി നായകന്മാരായ മാർ യൂലിയോസ്, മാർ അത്താനാസ്യോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ വൈമനസ്യം വട്ടമേശസമ്മേളനത്തിന്റെ വിജയസാദ്ധ്യതയെ വിളംബപ്പെടുത്തുകയല്ലയോ ചെയ്യുന്നതു് എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

വി.കർബ്ബാന അർപ്പിച്ചു. അനന്തരം 7 മണി
യോടുകൂടി വി:കാതോലിക്കാബാവാ തിരുമന
സ്സുകൊണ്ടും, മാർ തീമോത്തിയോസ്, മാർ ഗ്രീ
ഗോറിയോസ് എന്നീ തിരുമേനിമാരുംകൂടി മൂ
ന്നിന്മേൽ കുർബ്ബാന അർപ്പിച്ചു കുർബ്ബാന
മദ്ധ്യേ മാർ തോമ്മാ ദീവന്നാസ്യോസ് തിരു
മനസ്സുകൊണ്ടു വി. പരുമലത്തിരുമേനിയെപ്പ
റ്റിയും, പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയെപ്പ
റ്റിയും പ്രസംഗിക്കയുണ്ടായി. 16 ാംതീയതി
രാത്രി മുഴുവൻ കാലംചെയ്ത പിതാവിൻെറ ജീ
വിതാപദാനങ്ങളെയും തന്നിൽനിന്നും അനേ
കായിരങ്ങൾക്കു സിദ്ധിച്ചിട്ടുള്ള വിവിധങ്ങ
ളായ അനുഗ്രഹങ്ങളെയുംപററി ഭക്തിനിർഭര
മായ പ്രസംഗങ്ങൾ നടത്തപ്പെട്ടു. ഈ വർഷ
ത്തെ പെരുനാളിനു ഉച്ചഭാഷിണി ഘടിപ്പി
ച്ചിരുന്നതിനാൽ പെരുനാളിൽ സംബന്ധിച്ച
എല്ലാവർക്കും വി. കർബ്ബാനയിലും പ്രസംഗങ്ങളി
ലും സജീവമായി സംബന്ധിക്കാൻ സാധിച്ചു
എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമത്രെ. നട
വരവും കുർബ്ബാനപ്പണവും മുൻ വർഷങ്ങളെ അ
പേക്ഷിച്ചു കൂടുതൽ ആയിരുന്നു.

സിറിയൻ കോൺഗ്രസ്സ്

സിറിയൻ കോൺഗ്രസ്സിൻെറ ഒരു മഹാ
യോഗം 17-ാംതീയതി 2 മണിയോടുകൂടി ഡാ.
സി.ററി.ഈപ്പൻെറ അദ്ധ്യക്ഷതയിൽ പരുമല
സെമിനാരി മുററത്തുവച്ചു കൂടി. മി. ജേക്കബ്
കുര്യൻ, മി. സി.ഐ.നൈനാൻ, എം. പി. പ
ത്രോസ് റമ്പാച്ചൻ മുതലായവർ നമ്മുടെ രാ
ഷ്ട്രീയാവശതകളുടെ പരിഹാരാർത്ഥം സിറി
യൻ കോൺഗ്രസ്സിൽ ചേർന്നു സംഘടിക്കണ
മെന്നും പീസ്‌ലീഗു പ്രസിഡണ്ടു മി. ററി.എം
ചാക്കോ സഭാസമാധാനത്തെപ്പററിയും പ്ര
സംഗങ്ങൾ ചെയ്തു. കോൺഗ്രസ്സ് സെക്രട്ടറി
മി. ജോർജ്ജ് വള്ളക്കാലിയുടെ കൃതജ്ഞതാപ്ര
കടനാനന്തരം സമ്മേളനം സമംഗളം സമാ
പിച്ചു.

പൊതുയോഗം.

പെരുനാൾദിവസം 4 മണിക്കു വി. കാ
തോലിക്കാബാവാ തിരുമനസ്സിലെ അദ്ധ്യക്ഷ
തയിൽ പൊതുയോഗം കൂടുകയും പരുമലപ്പെ
രുനാൾ അടുത്തവർഷം കുറേക്കൂടി ആത്മിക
മായ രീതിയിൽ പ്രസംഗയോഗങ്ങൾ, ധ്യാന
യോഗങ്ങൾ മുതലായവയോടുകൂടി നടത്തേണ്ട
താണെന്നും ലൗകികങ്ങളായ ആർഭാടങ്ങളെക്കാൾ
ആത്മികമായ തപകൃത്യങ്ങൾക്കു പ്രാധാന്യം
കൊടുക്കേണ്ടതാണെന്നും അങ്ങനെ കൂടുതൽ അ
നുഗ്രഹപ്രദമാക്കേണ്ടതാണെന്നും നിശ്ചയിച്ചു
പൊതുയോഗത്തിൽ ബാവാ തിരുമനസ്സുകൊണ്ടു
ചെയ്ത പ്രസംഗത്തിൽ തിരുമേനി സഭാസമാ
ധാനത്തിനുവേണ്ടി എന്തു ത്യാഗവും സഹി
ക്കാൻ സന്നദ്ധനാണെന്നും സമാധാനത്തിനു
വേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നും പ്ര
സ്താവിക്കയുണ്ടായി.

ഐക്യക്രൈസ്തവ സമ്മേളനം.

പാണമ്പടി സെൻറ് മേരീസ് പള്ളി വ
കയായി ഇല്ലിക്കൽ കവലയിൽ സ്ഥാപിച്ചി
രുന്ന കുരിശു് കമ്മ്യൂണിസ്റ്റുകാർ തകർത്തതി
ലുള്ള പ്രതിഷേധം പ്രകടിപ്പിക്കുന്നതിനായി
ഈമാസം 5-ാംനു ഇല്ലിക്കൽ ഇംഗ്ലീഷ്സ്കൂൾ
മുററത്തു തയ്യാർചെയ്തിരുന്ന 'ഇല്ലിക്കൽ സെ
ൻറ് ജോൺസ് നഗറിൽവച്ചു കോട്ടയം രൂപ
തയുടെ സഹായമെത്രാൻ ഡാ. തോമ്മസ്തറ
യിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഒരു മ
ഹായോഗം കൂടുകയുണ്ടായി. അദ്ധ്യക്ഷനെ കൂ
ടാതെ അദ്ധ്യക്ഷവേദിയിൽ നി.വ.ദി. ശ്രീമാന്മാ
രായ മാർ ഔഗേൻ തീമോത്തിയോസ്, മാർ
ഗ്രീഗോറിയോസ്, ബനവന്തൂർ അരാനാ, ബി
ഷപ്പ് സി.കെ ജേക്കബ്, മാർ ദീവന്നാസ്യോ
സ് മിഖായേൽ, മാർ സേവേറിയോസ് പൗ
ലൂസ് എന്നീ തിരുമേനിമാരും വിശിഷ്ടാസന
ങ്ങളിൽ ഉപവിഷ്ടരായിരുന്നു. ലോകമഹാബാ
ധയായി പടർന്നുപിടിച്ചിരിക്കുന്ന കമ്മ്യൂണിസ
ത്തോടു ക്രിസ്ത്യാനികൾ ഏകയോഗമായി ധാ
ർമ്മികമായി സമരംചെയ്യേണ്ടതാണെന്നും ത
ൻെറ സിരകളിൽ ഒരു തുള്ളി രക്തം ശേഷിക്കു
ന്നതുവരെ താൻ കമ്മ്യൂണിസത്തിനെതിരായി
പോരാടുമെന്നും അദ്ധ്യക്ഷൻതിരുമനസ്സുകൊണ്ടു
സുദീർഘമായ തൻെറ പ്രസംഗമദ്ധ്യേ പ്രസ്താ
വിച്ചു ബിഷപ്പ് ജേക്കബ്തിരുമേനി ചെയ്തപ്ര
സംഗത്തിൽ കമ്മ്യൂണിസം ക്രിസ്തുമതത്തിൻെറനേ
രെയുള്ള ഒരു വെല്ലുവിളിയാണെന്നും ആ വെല്ലു

(ശേഷം കവർ രണ്ടാംപേജിൽ)

The Malankara Sabha.

License No. 475 dated 11 th April 1946 -- Reg. No- T- 61

കരുവാററാ—ഈ ഇടവകയിൽപെട്ട കുളഞ്ഞിപ്പുറമ്പിൽ ജോൺവക്കീൽ അവർകളുടെ പ്രഥമപുത്രനും പരേതനായ മി. കെ. സി. ഇട്ടൂപ്പൻെറ ജാമാതാവും ബോംബെ വിൽസൺ കോളജിലെ ഒരു പ്രൊഫസറുമായ ശ്രീ ജെ. അലക്സാണ്ടർ എം. എ. അവർകൾ ഉപരിവിദ്യാഭ്യാസാർത്ഥം രണ്ടു വർഷങ്ങൾക്കു മുമ്പ് ഇംഗ്ലണ്ടിൽ ചെന്നു ന്യൂകാസിൽ കോളജിൽ ചേർന്നു പഠിച്ചു പി. എച്ച്. ഡി. എന്ന ഉന്നതബിരുദ് പ്രശസ്തമായി സമ്പാദിച്ചു കഴിഞ്ഞ തുലാം 5-ാംതീയതി തിരിച്ചെത്തി. പൊതുജനസമ്മതനും സമർത്ഥനുമായ അദ്ദേഹത്തിൻെറ വിജയത്തിലുള്ള സന്തോഷം പ്രദർശിപ്പിക്കുന്നതിനായി ഇടവക ജനങ്ങളുടെ ഒരു മഹായോഗം തുലാമാസം 16-ാംതീയതി വ. ദി. ശ്രീ. എം. സി. കുറിയാക്കോസ് റമ്പാച്ചൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. അതിൽ വച്ചു് ഇടവകക്കാർ അദ്ദേഹത്തിനു് ഒരു അനുമോദന-ഭാവുകാശംസാ മംഗളപത്രം സമർപ്പിക്കയുണ്ടായി. ഡോക്ടർ അലക്സാണ്ടർ അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥലത്തേക്കു തിരിച്ചുപോയിരിക്കുന്നു.

വിജ്ഞാപനം.

വരിസംഖ്യ മുൻകൂർ: ഒരാണ്ടത്തേക്കു്	3 0 0
ആറുമാസത്തേക്കു്	1 8 0
തപാൽ	3 8 0
ഒററപ്രതി	0 4 0

വരിസംഖ്യ മാനേജർ "മലങ്കര സഭാ മാസിക"—സുറിയാനി സെമിനാരി—കോട്ടയം എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

യാക്കോബായ സുറിയാനിക്കാരുടെ

കുർബ്ബാന തക്സ.

മാർ യാക്കോബിൻേറയും, മാർ ദീവന്നാസ്യോസിൻേറയും

തക്സകളും, കുർബാനക്രമവും അടങ്ങിയതു്.

—•—•—

ആദ്യത്തെ പതിപ്പുപോലെതന്നെ പട്ടക്കാരൻ, ശുശ്രൂഷക്കാരൻ, അയ്മേനി ഇവർ ചൊല്ലേണ്ടതു് എല്ലാം അടങ്ങിയിട്ടുള്ളതു്.

ഈ പുതിയ പതിപ്പിനുള്ള വിശേഷം—

തടിച്ച അക്ഷരങ്ങളാണ് ഉപയോഗിച്ചിട്ടുള്ളതെന്നുള്ളതാണ്.	അക്ഷരത്തിൻെറ മാതൃകയാണിതു്.

നല്ല മിനിക്കടലാസ്സിൽ അച്ചടിച്ചു്, പുസ്തകം നല്ലപോലെ മലത്തി തുറക്കത്തക്കവണ്ണം തുന്നി, കാലിക്കോ ശീലകൊണ്ടു ബയണ്ടു ചെയ്തിട്ടുള്ളതു്.

7 ഇഞ്ച് നീളം, 4½ ഇഞ്ച് വീതി] [വില 2 ക.

തപാൽച്ചെലവു പുറമെ.

ഞങ്ങളുടെ കാററ്ലോഗ് സൗജന്യം.

മാനേജർ,

എ. ആർ. പി. പ്രസ്സ്, & ഔഷധശാല—കുന്നംകുളം.

Printed at the Town Press, Kottayam, and Published by the Rev. Fr. T. C. Jacob, Manager, Syrian Seminary, Kottayam.